




# നിങ്ങളുടെ ബിസിനസ്, നിങ്ങളുടെ ഭാവി!

കുടിയേറ്റ സംരംഭകർക്കായി ഒരു ബിസിനസ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന ഗൈഡ്






# കൃതജ്ഞത

**ന്യൂയോർക്കിലെ കുടിയേറ്റ സംരംഭകർക്ക് വ്യക്തമായ വിവരങ്ങളിലേക്കും ഉറവിടങ്ങളിലേക്കും പ്രാപ്യത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ ഗൈഡ് തയ്യാറാക്കിയത് ന്യൂയോർക്ക് ഇമിഗ്രേഷൻ കോയലിഷനും പ്രാറ്റ് സെന്റർ ഫോർ കമ്മ്യൂണിറ്റി ഡെവലപ്മെന്റും ചേർന്നാണ്. ഈ ഗൈഡിന്റെ പ്രസിദ്ധീകരണത്തിന് ക്യാപിറ്റൽ വൺ, എൻ.വൈ.സി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് ആൻഡ് കമ്മ്യൂണിറ്റിഡെവലപ്മെന്റ്, ന്യൂയോർക്ക് സിറ്റി കൗൺസിൽ, സ്പീക്കറുടെ ഓഫീസ് എന്നിവ ന്യൂയോർക്ക് ഇമിഗ്രേഷൻ കോളിഷന്റെ കീ ടു ദി സിറ്റി ഇനിഷ്യേറ്റീവിലൂടെ ഉദാരമായി ധനസഹായം നൽകി.**

പ്രസിദ്ധീകരണം ഏപ്രിൽ 2019

Sydney Céspedes, Sal Muñoz എന്നിവരുടെ പിന്തുണയോടെ Ben Dodd-ന്റെ ഡിസൈൻ

ചിത്രീകരണങ്ങൾ: June Lee

## ന്യൂയോർക്ക് ഇമിഗ്രേഷൻ കോയലിഷൻ

ന്യൂയോർക്ക് ഇമിഗ്രേഷൻ കോയലിഷൻ, എല്ലാ ആളുകളെയും സ്വാഗതം ചെയ്യുകയും ന്യായമായി പരിഗണിക്കുകയും അവരുടെ സ്വപ്നങ്ങൾ പിന്തുടരാനുള്ള അവസരം നൽകുകയും ചെയ്യുന്നതിനാൽ കൂടുതൽ ശക്തമായ ഒരു ന്യൂയോർക്ക് സംസ്ഥാനം വിഭാവനം ചെയ്യുന്നതായ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. കോയലിഷൻ എല്ലാ ന്യൂയോർക്കുകാർക്കും അഭിവൃദ്ധി പ്രാപിക്കാൻ കഴിയുന്നതിനായി കുടിയേറ്റക്കാരെയും അംഗങ്ങളെയും സഖ്യകക്ഷികളെയും ഒന്നിപ്പിക്കുന്നു.

## പ്രാറ്റ് സെന്റർ ഫോർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ്

പ്രാറ്റ് സെന്റർ ഫോർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് എല്ലാ ന്യൂയോർക്കുകാർക്കും കൂടുതൽ തുല്യവും സുസ്ഥിരവുമായ നഗരത്തിനായി അവരുടെ ഭാവി ആസൂത്രണം ചെയ്യുന്നതിനും സാക്ഷാത്കരിക്കുന്നതിനും താഴ്ന്നതും മിതമായതുമായ വരുമാനമുള്ള കമ്മ്യൂണിറ്റികളെ ശാക്തീകരിക്കുന്നതിനായി കമ്മ്യൂണിറ്റി ഡെവലപ്മെന്റിനായുള്ള പ്രാറ്റ് സെന്റർ നഗര ആസൂത്രണം, ഗവേഷണം, നയ ഉപദേശം, ചെറുകിട ബിസിനസ് സഹായം എന്നിവ സംയോജിപ്പിക്കുന്നു.

# ഉള്ളടക്കപ്പട്ടിക


ഒരു ബിസിനസ്സ് ആരംഭിക്കുകയാണോ? നിങ്ങൾ അറിയേണ്ടുന്ന കാര്യങ്ങൾ! ....... 6

ഈ ഗൈഡ് എങ്ങനെ ഉപയോഗിക്കാം ....... 6
സമാരംഭം ....... 7

ഒരു ബിസിനസ്സ് ഘടന തിരഞ്ഞെടുക്കുന്നതിനുള്ള പൊടിക്കൈകൾ ....... 11

6 ബിസിനസ് ഘടനകൾ ....... 15
സോൾ പ്രൊപ്രൈറ്റർഷിപ്പ് ....... 16
പൊതു പങ്കാളിത്തം ....... 17
പരിമിത പങ്കാളിത്തം ....... 19
ലിമിറ്റഡ് ലയബിലിറ്റി കമ്പനി (LLC) ....... 21
കോർപ്പറേഷൻ ....... 23
വർക്കർ കോഓപ്പറേറ്റീവ് ....... 26

നിർവചനങ്ങൾ ....... 27

പ്രധാനപ്പെട്ട പ്രമാണങ്ങൾ ....... 28

ഉപാധികൾ ....... 29

# ന്യൂയോർക്ക് സിറ്റി കൗൺസിൽ സ്പീക്കർ കോറി ജോൺസണിൽ നിന്നുള്ള ഒരു സന്ദേശം

പ്രിയ ന്യൂയോർക്ക് നിവാസികളെ,

നമുക്ക് അറിയാവുന്നതും ഇഷ്ടപ്പെടുന്നതുമായ ന്യൂയോർക്ക് നഗരം നമ്മുടെ കുടിയേറ്റ സംരംഭകരില്ലെങ്കിൽ ഒന്നുമല്ല. ഉയർന്ന തൊഴിൽ ശക്തി പങ്കാളിത്തവും ബിസിനസ്സ് ഉടമസ്ഥതയും കാരണം കുടിയേറ്റക്കാർ നമ്മുടെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. വാസ്തവത്തിൽ, ന്യൂയോർക്ക് നഗരത്തിലെ ബിസിനസുകളിൽ പകുതിയും കുടിയേറ്റക്കാരുടെ ഉടമസ്ഥതയിലുള്ളതാണ്, 2017-ൽ നഗരത്തിന്റെ GDP-യിലേക്ക് $228 ബില്യൺ സംഭാവന നൽകി. എന്നിരുന്നാലും, വരാനിരിക്കുന്ന കുടിയേറ്റ ബിസിനസ്സ് ഉടമകളെ സഹായിക്കുന്നതിന് പ്രത്യേകമായി ലക്ഷ്യമിടുന്ന കുറച്ച് വിഭവങ്ങളുണ്ട്. ഈ വിഭവം കുടിയേറ്റക്കാരുടെ ഉടമസ്ഥതയിലുള്ള ബിസിനസ്സുകളുടെ വളരുന്ന മേഖലയെ പിന്തുണയ്ക്കുന്നതിനുള്ള സിറ്റി ശ്രമങ്ങളുടെ ടൂൾബോക്സിലേക്ക് ചേർക്കുന്നതിൽ ഞാൻ വളരെ സന്തോഷവാനാണ്. ഇത് എല്ലാ ന്യൂയോർക്കുകാർക്കും വിജയത്തിലേക്കുള്ള തടസ്സങ്ങൾ ഞങ്ങൾ നീക്കം ചെയ്യുന്നത് തുടരുമെന്ന് ഉറപ്പുനൽകുന്നതിനുള്ള ഒരു സുപ്രധാന ചുവടാണ്.

കഠിനാധ്വാനികളായ ന്യൂയോർക്കുകാർ ഫെഡറൽ ഗവൺമെന്റിന്റെ ആക്രമണത്തിനിരയായ ഒരു സമയത്ത്, ഈ ഗൈഡിന്റെ രൂപീകരണത്തെ സിറ്റി കൗൺസിൽ പിന്തുണച്ചതിൽ ഞാൻ അഭിമാനിക്കുന്നു. "നിങ്ങളുടെ ബിസിനസ്സ്, നിങ്ങളുടെ ഭാവി" എന്നത് കുടിയേറ്റം, ബിസിനസ്സ്, നികുതി എന്നീ രംഗങ്ങളിലെ നിയമ വിദഗ്ധരുമായും അതുപോലെ കുടിയേറ്റക്കാരെ സേവിക്കുന്ന ഗ്രൂപ്പുകളുമായും സംരംഭകരുമായും വിപുലമായ കൂടിയാലോചനകളുടെ പരിസമാപ്തിയാണ്. പല തരത്തിലും, ഇത് ഇത്തരത്തിലുള്ള ആദ്യത്തേതാണ്. ഈ ഗൈഡ് ഒരു ബിസിനസ്സ് തുറക്കാൻ താൽപ്പര്യമുള്ളവരും എന്നാൽ അടുത്തതായി ഏത് നടപടി സ്വീകരിക്കണം അല്ലെങ്കിൽ ഏത് തരത്തിലുള്ള ബിസിനസ്സ് തുറക്കണം എന്ന് പോലും ഉറപ്പില്ലാത്ത എല്ലാ കുടിയേറ്റക്കാരായ ന്യൂയോർക്കുകാർക്കും ഒരു വ്യക്തമായ മാർഗ്ഗരേഖയും സഹായകരമായ വിവരങ്ങളും നൽകുന്നു.

ഈ ഗൈഡ് ന്യൂയോർക്കുകാർക്ക് നിർണായകമായ ഒരു ടൂൾ മാത്രമല്ല, ഈ സമയത്തെ അതിന്റെ പ്രസിദ്ധീകരണം സിറ്റിയിൽ ന്യൂയോർക്ക് കുടിയേറ്റക്കാരുടെ ആഴത്തിലുള്ള സംഭാവനകൾ വളരെ വിലമതിക്കുന്നുമെന്നും അവരെ എന്നും സ്വാഗതം ചെയ്യുന്നുവെന്നുമുള്ള കൗൺസിലിന്റെ ഉറച്ച സന്ദേശം കൂടിയാണ്. ഈ ഗൈഡ് എല്ലാ ന്യൂയോർക്കുകാർക്കും അടുത്ത ചുവടുവയ്ക്കാൻ പ്രചോദനം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു!

നിങ്ങളുടെ സേവനത്തിൽ,



ന്യൂയോർക്ക് സിറ്റി കൗൺസിൽ സ്പീക്കർ

കോറി ജോൺസൺ (Corey Johnson)


# എക്സിക്യൂട്ടീവ് ഡയറക്ടർമാരിൽ നിന്നുള്ള ഒരു സന്ദേശം

150 വർഷത്തിലേറെയായി, കുടിയേറ്റക്കാർക്ക് അവസരങ്ങളുടെ ഉറവിടമാണ് ന്യൂയോർക്ക്. പകരമായി അവർ അതിന്റെ സമ്പദ്‌വ്യവസ്ഥയെ നിരന്തരം ശക്തിപ്പെടുത്തുന്നു. ന്യൂയോർക്കിലെ തൊഴിൽ ശക്തിയുടെ നാലിലൊന്ന് കുടിയേറ്റക്കാരാണ്, കൂടാതെ പ്രാദേശിക വരുമാനത്തിൽ കോടിക്കണക്കിന് ഡോളർ സംഭാവന ചെയ്യുകയും ചെയ്യുന്നു. എന്നാൽ കുടിയേറ്റക്കാർ ന്യൂയോർക്കിലെ തൊഴിൽ സേനയെ മുന്നോട്ടുനയിക്കുക മാത്രമല്ല, അവർ അതിനെ സജീവമായി രൂപപ്പെടുത്തുകയും ചെയ്യുന്നു: ന്യൂയോർക്ക് നഗരത്തിലെ 83,000-ത്തിലധികം ബിസിനസ്സ് ഉടമകൾ കുടിയേറ്റക്കാരാണ്, ചെറുകിട ബിസിനസ്സ് ഉടമകളിൽ ഭൂരിഭാഗവും അവരാണ്.

കുടിയേറ്റക്കാരെ വിജയകരമായ ഒരു ബിസിനസ്സ് ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും സഹായിക്കുന്നതിന് സമീപിക്കാവുന്ന ഒരു സ്രോതസ്സായി ഈ ഗൈഡ് ഉപകരിക്കുമെന്നതിൽ ന്യൂയോർക്ക് ഇമിഗ്രേഷൻ കോയലിഷനും പ്രാറ്റ് സെന്റർ ഫോർ കമ്മ്യൂണിറ്റി ഡെവലപ്മെന്റും അഭിമാനിക്കുന്നു. സംരംഭകർക്ക് നിർണായക സേവനങ്ങൾ നൽകുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത ഗ്രൂപ്പുകൾ, ഇൻകുബേറ്ററുകൾ, ചെറുകിട ബിസിനസ് സേവനങ്ങൾ, നിയമസഹായ ദാതാക്കൾ എന്നിവയുടെ ഒരു വലിയ ശൃംഖലയുണ്ട്, എന്നാൽ ലഭ്യമായ മെറ്റീരിയലുകൾ ആക്സസ് ചെയ്യാൻ കഴിയാത്ത ഭാഷയാണ് ഉപയോഗിക്കുന്നതെന്ന് പലരും പറയുന്നു. ഇത് എല്ലാ സംരംഭകർക്കും ഒരു പ്രശ്നമാണ്, എന്നാൽ കുടിയേറ്റക്കാർക്ക് പ്രത്യേകിച്ച് അവർ അഭിമുഖീകരിക്കുന്ന ഭാഷയും സാംസ്കാരിക പ്രതിബന്ധങ്ങളും കണക്കിലെടുക്കുമ്പോൾ പ്രശ്നമാണ്.

ഈ ഗൈഡ് ഒന്നിലധികം ഭാഷകളിൽ പ്രാപ്യമാക്കാവുന്ന വിവരങ്ങൾ നൽകിക്കൊണ്ട് കുടിയേറ്റക്കാർ അഭിമുഖീകരിക്കുന്ന സവിശേഷമായ ചില തടസ്സങ്ങൾ പരിഹരിക്കാൻ തുടങ്ങുകയാണ്. ഈ വിദ്യാഭ്യാസ വിഭവം കുടിയേറ്റ കമ്മ്യൂണിറ്റികൾക്ക് നിർണായക പിന്തുണയുള്ള ബിസിനസ്സ് സേവനങ്ങൾ നൽകുന്നതിന് താഴെത്തട്ടിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി പങ്കാളികളെ സഹായിക്കും. കുടിയേറ്റ സംരംഭകത്വത്തെയും അവർ സൃഷ്ടിക്കുന്ന തൊഴിലുകളെയും പിന്തുണയ്ക്കുന്നത് ന്യൂയോർക്കിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വികസനത്തിന് അത്യന്താപേക്ഷിതമാണ്, കൂടാതെ എല്ലാ ന്യൂയോർക്കുകാരെയും കൂടുതൽ അവസരങ്ങളിലേക്ക് നയിക്കുകയും ചെയ്യും.


ഹൃദയപൂർവ്വം,



സ്റ്റീവ് ചോയി (Steve Choi)

എക്സിക്യൂട്ടീവ് ഡയറക്ടർ

ന്യൂയോർക്ക് ഇമിഗ്രേഷൻ കോയലിഷൻ



ആദം ഫ്രീഡ്മാൻ (Adam Friedman)

എക്സിക്യൂട്ടീവ് ഡയറക്ടർ

പ്രാറ്റ് സെന്റർ ഫോർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ്

# ഒരു ബിസിനസ്സ് ആരംഭിക്കുകയാണോ? നിങ്ങൾ അറിയേണ്ടുന്ന കാര്യങ്ങൾ!

## ഈ ഗൈഡ് എങ്ങനെ ഉപയോഗിക്കാം

കുടിയേറ്റ സംരംഭകത്വം ഈ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. ന്യൂയോർക്ക് സംസ്ഥാനത്ത്, കുടിയേറ്റക്കാരായ ബിസിനസ്സ് ഉടമകൾ സ്വയം തൊഴിൽ ചെയ്യുന്നവരിൽ 33.8% വരും, അവർ $7.2 ബില്യൺ ബിസിനസ് വരുമാനം സംഭാവന ചെയ്യുന്നു.[1] കുടിയേറ്റക്കാർ ഒരു ബിസിനസ്സ് ആരംഭിക്കാൻ യു.എസിൽ ജനിച്ച പൗരന്മാരേക്കാൾ ഇരട്ടിയിലധികം സാധ്യതയുള്ളവരാണെങ്കിലും, കുടിയേറ്റക്കാരായ ബിസിനസ്സ് ഉടമകളെ പ്രത്യേകമായി സഹായിക്കുന്നതിന് ചുരുക്കം ചില വിഭവങ്ങൾ മാത്രമേയുള്ളൂ.[2]

**ന്യൂയോർക്ക് സംസ്ഥാനത്ത് നിങ്ങളുടെ സ്വന്തം ബിസിനസ്സ് ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നിങ്ങളുടെ ഓപ്ഷനുകൾ മനസ്സിലാക്കാൻ സഹായിക്കുന്നതിന്, കുടിയേറ്റ അവസ്ഥ പരിഗണിക്കാതെ, എല്ലാ അഭിലാഷകർക്കും നിലവിലുള്ള കുടിയേറ്റ സംരംഭകർക്കും വേണ്ടി ഈ ഗൈഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.** ഈ ഗൈഡ് ഒരു അവലോകനമായിട്ടാണ് നൽകിയിരിക്കുന്നത് കൂടാതെ ഏത് തരത്തിലുള്ള ബിസിനസ്സ് ഘടനയാണ് നിങ്ങൾക്ക് അനുയോജ്യം എന്ന് തീരുമാനിക്കുന്നതിനും, നിങ്ങളുടെ ബിസിനസ്സ് രൂപീകരിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ, പ്രതീക്ഷിക്കാവുന്ന ചില ഫീസും നികുതികളും എന്നിവയെക്കുറിച്ച് അറിയുവാനും നിങ്ങളെ സഹായിക്കുന്ന വിവരങ്ങളും ഉൾപ്പെടുന്നു, അതുവഴി നിങ്ങൾക്ക് ബിസിനസ്സിനായി തുറന്നമനസ്സോടെ കാത്തുനിൽക്കാനാകും.

ഒരു നിർദ്ദിഷ്ട വ്യവസായത്തിനോ തൊഴിലിനോ ആവശ്യമായ ലൈസൻസുകളോ പെർമിറ്റുകളോ പോലുള്ള ആവശ്യകതകൾ ഈ ഗൈഡിൽ ഉൾക്കൊള്ളുന്നില്ല. **ഈ ഗൈഡ് നിയമപരമോ നികുതിപരമോ ആയ ഉപദേശം നൽകുന്നില്ല.** കുടിയേറ്റ സംരംഭകരെ അവരുടെ വ്യക്തിഗത ഇമിഗ്രേഷൻ, ബിസിനസ്സ് അല്ലെങ്കിൽ നികുതി ആവശ്യകതകളും നിയന്ത്രണങ്ങളും സംബന്ധിച്ച് നിയമോപദേശം തേടാൻ ശക്തമായി പ്രോത്സാഹിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, ഈ ഗൈഡിന്റെ റിസോഴ്സ് സെക്ഷൻ പരിശോധിക്കുക. ഈ ഗൈഡിലെ വിവരങ്ങൾ 2018 ഒക്ടോബർ മുതൽ നിലവിലുള്ളതാണ്, അപ്ഡേറ്റ് ചെയ്യില്ല.

1. “ന്യൂയോർക്കിലെ കുടിയേറ്റക്കാർ.” (ഒക്ടോബർ 4, 2017) അമേരിക്കൻ ഇമിഗ്രേഷൻ കൗൺസിൽ. www.americanimmigrationcouncil.org/research/immigrants-in-new-york
2. “കുടിയേറ്റ സംരംഭകരെ സ്വാഗതം ചെയ്യുന്നതിനുള്ള സാമ്പത്തിക യുക്തി.” (സെപ്റ്റംബർ 8, 2015) Kauffman Foundation. www.kauffman.org/what-we-do/resources/entrepreneurship-policy-digest/the-economic-case-for-welcoming-immigrant-entrepreneurs

# സമാരംഭം

## സ്വതന്ത്ര കരാറുകാരനോ ജീവനക്കാരനോ? (ഒപ്പം അത് എന്തുകൊണ്ട് പ്രധാനമാണ് എന്നും)

പല കുടിയേറ്റക്കാരും അമേരിക്കയിൽ നല്ല ശമ്പളമുള്ള തൊഴിലിൽ തുടരുന്നതിൽ തടസ്സങ്ങൾ നേരിടുന്നു. ബിസിനസ്സ് ഉടമസ്ഥത കുടിയേറ്റക്കാർക്ക് സാമ്പത്തികമായി മുന്നേറാനുള്ള അവസരം നൽകിയേക്കാം. പ്രത്യേകിച്ചും, നിങ്ങൾ അമേരിക്കയിൽ ജോലി ചെയ്യാൻ അധികാരപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിൽ, നിങ്ങളുടെ സ്വന്തം ബിസിനസ്സ് ആരംഭിക്കുന്നത് ഉപജീവനമാർഗം നേടാൻ നിങ്ങളെ സഹായിച്ചേക്കാം.

അമേരിക്കയിൽ ജോലി ചെയ്യാൻ അധികാരമില്ലാത്ത ഒരു വ്യക്തിയാണെന്ന് അറിയാവുന്ന ഒരാളെ ഒരു തൊഴിലുടമ ജോലിക്കായി നിയമിക്കുന്നത് നിയമവിരുദ്ധമാണ്. ഒരു ജീവനക്കാരൻ ജോലി ചെയ്യാൻ അധികാരമുള്ള വ്യക്തിയാണെന്ന് ചുവടെപറയുന്നവ മുഖേന പരിശോധിച്ച് ഓരോ തൊഴിലുടമയും ഉറപ്പിക്കേണ്ടതുണ്ട്:

- ഫോം I-9 പൂരിപ്പിക്കുക
- ജീവനക്കാരന്റെ തിരിച്ചറിയൽ രേഖകൾ (സാമൂഹിക സുരക്ഷാ നമ്പർ, ഗ്രീൻ കാർഡ്, പാസ്പോർട്ട് മുതലായവ) പരിശോധിക്കുക

ഒരു ബിസിനസ്സ് സ്വന്തമാക്കുന്നതിൽ നിന്നോ സ്വയം തൊഴിൽ ചെയ്യുന്ന ഒരു സംരംഭകനാകുന്നതിൽ നിന്നോ തൊഴിൽ അധികാരപ്പെടുത്തലില്ലാത്ത ഒരു കുടിയേറ്റക്കാരനെ നിരോധിക്കുന്ന പ്രത്യേക ഫെഡറൽ നിയമമോ ന്യൂയോർക്ക് സ്റ്റേറ്റ് നിയമമോ ഇല്ല. സ്വയം തൊഴിൽ ചെയ്യുന്ന ഒരു സംരംഭകനെ ചിലപ്പോൾ "സ്വതന്ത്ര കരാറുകാരൻ" (independent contractor)" എന്ന് വിളിക്കാറുണ്ട്. ഒരു പുതിയ കരാർ ആരംഭിക്കുമ്പോൾ, എല്ലായ്പ്പോഴും സ്വതന്ത്ര കരാറുകാർ തങ്ങളുടെ കക്ഷികൾക്ക് വേണ്ടി ഒരു ഫോം I-9 പൂരിപ്പിക്കേണ്ട ആവശ്യമില്ല. ഈ ഗൈഡിൽ വിവരിച്ചിരിക്കുന്നതുപോലെ നിങ്ങൾ ഒരു പ്രത്യേക നിയമപരമായ സ്ഥാപനമായി ഒരു ബിസിനസ്സ് രൂപീകരിക്കുകയാണെങ്കിൽ, നിയമപരമായ സ്ഥാപനത്തിന് തന്നെ ചരക്കുകളും സേവനങ്ങളും നൽകുകയും കരാറുകളിൽ ഏർപ്പെടുകയും ചെയ്യുന്നതുൾപ്പെടെയുള്ള ബിസിനസ്സ് നടത്താനാകും.

ഒരു പ്രായോഗിക കാര്യമെന്ന നിലയിൽ, കുടിയേറ്റ അവസ്ഥ പരിഗണിക്കാതെ ഒരു ബിസിനസ്സ് ആരംഭിച്ച് പല കുടിയേറ്റക്കാർക്കും ഉപജീവനം നേടാനാകും. ഒരു സംരംഭകൻ എന്ന നിലയിൽ, നികുതി അടയ്ക്കുന്നതുൾപ്പെടെ നിങ്ങളുടെ ബിസിനസ്സിന്റെ പ്രവർത്തനത്തിന് ബാധകമായ നിയമങ്ങൾ നിങ്ങൾ പാലിക്കുന്നത് വളരെ പ്രധാനമാണ്. ഒരു ബിസിനസ്സ് ആരംഭിക്കുന്നതിന് സർക്കാർ അധികൃതർക്കും ബാങ്കുകൾക്കും രേഖകൾ സമർപ്പിക്കേണ്ടതുണ്ടെന്നും യു.എസിൽ നിന്നുള്ള നാടുകടത്തലിനെ തടയുന്നില്ലെന്നും നിയമപരമായ പദവിയിലേക്കുള്ള ഒരു മാർഗ്ഗം വാഗ്ദാനം ചെയ്യുന്നില്ലെന്നും നിങ്ങൾ മനസ്സിലാക്കണം. എന്നിരുന്നാലും, ചില കേസുകളിൽ, ഇമിഗ്രേഷൻ നടപടിക്രമങ്ങളിലെ ജഡ്ജിമാർ ബിസിനസ്സ് ഉടമസ്ഥതയും നികുതി അടയ്ക്കുന്നതും അനുകൂലമായി പരിഗണിച്ചേക്കാം.

# നിങ്ങൾ ഒരു സ്വതന്ത്ര കരാറുകാരനാണോ എന്ന് എങ്ങനെ നിർണ്ണയിക്കും

നിങ്ങൾ ഒരു സ്വതന്ത്ര കരാറുകാരനാണോ അതോ ജീവനക്കാരനാണോ എന്ന് നിർണ്ണയിക്കാൻ പ്രയാസമാണ്, നിങ്ങളുടെ സ്വന്തം സവിശേഷ സാഹചര്യങ്ങളെക്കുറിച്ച് നിങ്ങൾ എല്ലായ്പ്പോഴും നിയമോപദേശം തേടണം.

സ്വതന്ത്ര കരാറുകാർ അവർക്കുവേണ്ടി ബിസിനസ് ചെയ്യുകയും അവരുടെ കക്ഷികൾക്ക് ചരക്കുകളോ സേവനങ്ങളോ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ചരക്കുകളും സേവനങ്ങളും നൽകുന്നതിലും, നിങ്ങളുടെ ബിസിനസ്സിന്റെ സാമ്പത്തിക വശങ്ങൾ നിയന്ത്രിക്കുന്നതിലും നിങ്ങൾ എത്രയധികം ഇടപെടുന്നുവോ അത്രമാത്രം നിങ്ങൾ ഒരു സ്വതന്ത്ര കരാറുകാരനായി കണക്കാക്കപ്പെടാം, നിങ്ങളുടെ ക്ലയന്റ്(കളുടെ) ജീവനക്കാനായി കാണില്ല. അടുത്ത പേജിൽ, ജീവനക്കാരനെയും സ്വതന്ത്ര കരാറുകാരനെയും താരതമ്യം ചെയ്യുന്ന ചില ഉദാഹരണ ചെക്ക്‌ലിസ്റ്റുകൾ നിങ്ങൾക്ക് കാണാം.


നിങ്ങളുടെ ബിസിനസ്സിനായി നിങ്ങൾ ഒരു പ്രത്യേക നിയമപരമായ സ്ഥാപനം സജ്ജീകരിക്കുകയാണെങ്കിൽ, നിയമപരമായ സ്ഥാപനത്തിന് തന്നെ കക്ഷികൾക്ക് ചരക്കുകളോ സേവനങ്ങളോ നൽകാൻ കഴിയും. പൊതുവേ, **നിങ്ങൾ നിങ്ങളുടെ ബിസിനസ്സിന്റെ ഉടമയായിരിക്കുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുന്നുവെങ്കിൽ** നിങ്ങൾ ഒരു ജീവനക്കാരനായി **പരിഗണിക്കപ്പെടില്ല.** ഇക്കാരണത്താൽ, തൊഴിൽ അംഗീകാരം ഇല്ലാത്ത സംരംഭകർ ചുവടെപറയുന്നവ ചെയ്യുന്നത് നല്ലതാണ്:

- അവരുടെ ബിസിനസ്സിന്റെ മുഴുവൻ അല്ലെങ്കിൽ ഗണ്യമായ ഭാഗവും സ്വന്തമാക്കുക, കൂടാതെ
- അവരുടെ ബിസിനസ്സിന്റെ പ്രവർത്തനം നിയന്ത്രിക്കുക.

# ജീവനക്കാരനോ സ്വതന്ത്ര കരാറുകാരനോ?

ഞാൻ ഒരു ഹൗസ്കീപ്പറായി പ്രവർത്തിക്കുകയും വിവിധ കക്ഷികൾക്ക് എന്റെ സേവനങ്ങൾ നൽകുകയും ചെയ്യുന്നു. ഞാൻ പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ വില വിവരിക്കുന്ന ഒരു വെബ്സൈറ്റ് എനിക്കുണ്ട്. എന്റെ സേവനത്തിനാണ് എനിക്ക് പണം ലഭിക്കുന്നത്, മണിക്കൂർ വേതനമല്ല. ഓൺലൈനായോ ഫോൺ മുഖേനയോ അപ്പോയിന്റ്മെന്റ് നടത്തി കക്ഷികൾക്ക് എന്റെ സേവനങ്ങൾ അഭ്യർത്ഥിക്കാം. കക്ഷികൾ അവരുടെ സ്വന്തം ക്ലീനിംഗ് സപ്ലൈകളും ഉപകരണങ്ങളും നൽകുന്നു.

തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 8 മുതൽ വൈകിട്ട് 4 വരെ ഒരു കുടുംബത്തിന്റെ ഹൗസ്കീപ്പറായി ഞാൻ ജോലി ചെയ്യുന്നു. ഒരു മണിക്കൂറിന് $15 എന്നതിലേക്ക് ഞാൻ ധാരണയിലെത്തി, ജീവിതച്ചെലവുമായി ഒത്തുപോകാൻ എല്ലാ വർഷവും ഞാൻ ഒരു വർധനവ് ധാരണയിലെത്തുന്നു. ഞാൻ ജോലി ചെയ്യുന്ന കുടുംബം എല്ലാ ക്ലീനിംഗ് സാമഗ്രികളും സപ്ലൈകളും നൽകുന്നു. ഏത് ദിവസത്തിൽ എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളടങ്ങിയ ഒരു കുറിപ്പ് അവർ എനിക്ക് തരുന്നു. വാരാന്ത്യങ്ങളിൽ കുറച്ച് അധിക പണം സമ്പാദിക്കുന്നതിന് വേണ്ടി ഞാൻ ചിലപ്പോൾ മറ്റ് കുടുംബങ്ങൾക്കായി ജോലി ചെയ്യുന്നു.




| | ഹൗസ് കീപ്പർ A | ഹൗസ് കീപ്പർ B |
|---|---|---|
| ബിസിനസ്സ് സ്ഥലം സ്വന്തമായുണ്ട് | | ✓ |
| നിങ്ങളുടെ സ്വന്തം സൗകര്യം, സാമഗ്രികൾ, ഉപകരണങ്ങൾ, സപ്ലൈകൾ, ടൂളുകൾ എന്നിവയിൽ ഗണ്യമായ നിക്ഷേപം | | |
| ലാഭ നഷ്ടത്തിന്റെ സാമ്പത്തിക അപകടസാദ്ധ്യത ഊഹിക്കുക | | ✓ |
| നിങ്ങളുടെ സ്വന്തം വേതന നിരക്ക് നിശ്ചയിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്യുക | ✓ | ✓ |
| നിങ്ങളുടെ സ്വന്തം സഹായികളെ തിരഞ്ഞെടുക്കാൻ കഴിയും | | ✓ |
| തൊഴിൽ വാഗ്ദാനങ്ങൾ നിരസിക്കാൻ സ്വാതന്ത്ര്യമുണ്ട് | | ✓ |
| മറ്റ് ഉപഭോക്താക്കൾക്ക് സേവനങ്ങൾ വാഗ്ദാനം ചെയ്യാൻ കഴിയും | ✓ | ✓ |
| എങ്ങനെ, എപ്പോൾ, എവിടെ ജോലി ചെയ്യുന്നു എന്നത് നിയന്ത്രിക്കുന്നു | | ✓ |
| | ഞാനൊരു ജീവനക്കാരനാണ് | ഞാനൊരു സ്വതന്ത്ര കരാറുകാരനാണ് |

# ജീവനക്കാരനോ സ്വതന്ത്ര കരാറുകാരനോ?

ഒരു കമ്പനിക്ക് എന്റെ സേവനം ആവശ്യമുള്ളപ്പോൾ ഞാൻ അക്കൗണ്ടന്റാണ്. കമ്പനിക്ക് എന്നെ ആവശ്യമുള്ളപ്പോൾ, ഞാൻ ഏതൊക്കെ ദിവസങ്ങളിൽ ജോലി ചെയ്യണമെന്നും എത്ര നാളത്തേക്ക് ജോലി ചെയ്യണമെന്നും അവർ തീരുമാനിക്കും. എനിക്ക് ശമ്പളം ലഭിക്കുന്നത് സേവനം പൂർത്തിയാകുമ്പോളാണ്, മണിക്കൂർ നിരക്കിലുള്ള വേതനമല്ല. എനിക്ക് പണം ലഭിക്കേണ്ട സമയത്ത് ഞാൻ കമ്പനിക്ക് ഒരു ഇൻവോയ്സ് അയയ്ക്കും. സമാനമായ അക്കൗണ്ടിംഗ് ജോലികൾ ചെയ്യുന്ന മറ്റ് പല കമ്പനികൾക്കു വേണ്ടിയും ഞാൻ ജോലി ചെയ്യുന്നു. ഞാൻ എന്റെ ഹോം ഓഫീസിൽ നിന്ന് ജോലി ചെയ്യുകയും ജോലി ചെയ്യുന്നതിന് എന്റെ സ്വന്തം കമ്പ്യൂട്ടർ ഉപയോഗിക്കുകയും ചെയ്യുന്നു.

ഞാൻ ഒരു കമ്പനിയിൽ ഒരു അക്കൗണ്ടന്റായി ആഴ്ചയിൽ 30 മണിക്കൂർ പാർട്ട് ടൈം ജോലി ചെയ്യുന്നു, എനിക്ക് പ്രതിവാരമാണ് ശമ്പളം ലഭിക്കുന്നത്. ഞാൻ സാധാരണയായി എന്റെ സ്വന്തം കമ്പ്യൂട്ടർ ഉപയോഗിച്ചാണ് വീട്ടിലിരുന്ന് ജോലി ചെയ്യുന്നത്. എനിക്ക് വേണമെങ്കിൽ, ഞാൻ ജോലി ചെയ്യുന്ന കമ്പനിയുമായി ആരോഗ്യ ആനുകൂല്യങ്ങൾക്കായി സൈൻ അപ്പ് ചെയ്യാം. ചിലപ്പോൾ ഞാൻ ഈ കമ്പനിയിൽ ജോലി ചെയ്യാത്തപ്പോൾ മറ്റ് ചെറിയ കമ്പനികളിൽ നിന്ന് ജോലി വാഗ്ദാനങ്ങൾ സ്വീകരിക്കാറുണ്ട്.



| | അക്കൗണ്ടന്റ് A | അക്കൗണ്ടന്റ് B |
|---|---|---|
| ബിസിനസ്സ് സ്ഥലം സ്വന്തമായുണ്ട് | ✓ | ✓ |
| നിങ്ങളുടെ സ്വന്തം സൗകര്യം, സാമഗ്രികൾ, ഉപകരണങ്ങൾ, സപ്ലൈകൾ, ടൂളുകൾ എന്നിവയിൽ ഗണ്യമായ നിക്ഷേപം | ✓ | ✓ |
| ലാഭ നഷ്ടത്തിന്റെ സാമ്പത്തിക അപകടസാദ്ധ്യത ഊഹിക്കുക | | ✓ |
| നിങ്ങളുടെ സ്വന്തം വേതന നിരക്ക് നിശ്ചയിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്യുക | | ✓ |
| നിങ്ങളുടെ സ്വന്തം സഹായികളെ തിരഞ്ഞെടുക്കാൻ കഴിയും | | ✓ |
| തൊഴിൽ വാഗ്ദാനങ്ങൾ നിരസിക്കാൻ സ്വാതന്ത്ര്യം | | ✓ |
| മറ്റ് ഉപഭോക്താക്കൾക്ക് സേവനങ്ങൾ വാഗ്ദാനം ചെയ്യാൻ കഴിയും | ✓ | ✓ |
| എങ്ങനെ, എപ്പോൾ, എവിടെ ജോലി ചെയ്യുന്നു എന്നത് നിയന്ത്രിക്കുന്നു | | |
| | ഞാനൊരു ജീവനക്കാരനാണ് | ഞാനൊരു സ്വതന്ത്ര കരാറുകാരനാണ് |

# ഒരു ബിസിനസ്സ് ഘടന തിരഞ്ഞെടുക്കുന്നതിനുള്ള പൊടിക്കൈകൾ

ഇപ്പോൾ നിങ്ങൾ ഒരു ബിസിനസ്സ് ആരംഭിക്കാൻ തീരുമാനിച്ചു, ഏത് തരത്തിലുള്ള ബിസിനസ്സാണ് നിങ്ങൾക്ക് അനുയോജ്യമെന്ന് നിങ്ങൾ കണ്ടെത്തേണ്ടതുണ്ട്! ഈ സെക്ഷൻ നിങ്ങളുടെ ബിസിനസ്സ് രൂപപ്പെടുത്തുന്നതിനുള്ള വ്യത്യസ്ത ഓപ്ഷനുകളെക്കുറിച്ചുള്ള വിവരങ്ങൾ പ്രദാനം ചെയ്യുന്നു.

ചില ബിസിനസ്സ് ഘടനകൾക്ക് സങ്കീർണ്ണമായ നിയമങ്ങളും ഉയർന്ന സ്റ്റാർട്ടപ്പ് ചെലവുകളുള്ള ഫയലിംഗ് ആവശ്യകതകളുമുണ്ട്. പേപ്പർ വർക്കുകൾ തീരെ കുറഞ്ഞതോ ഇല്ലാത്തതോ ആയ അല്ലെങ്കിൽ കുറഞ്ഞ ഫീസുകളോടെയുള്ള മറ്റ് ബിസിനസ്സുകൾ രൂപീകരിക്കാൻ എളുപ്പമായേക്കാം, എന്നാൽ ബിസിനസ്സ് ഉടമയ്ക്ക് സാമ്പത്തിക നഷ്ടസാദ്ധ്യത കൂടുതലാണ്. നിങ്ങളുടെ ആവശ്യങ്ങൾക്ക് ഏറ്റവും മികച്ച ബിസിനസ്സ് ഘടന തിരഞ്ഞെടുക്കുന്നതിന്, ന്യൂയോർക്ക് സ്റ്റേറ്റിലെ ബിസിനസ്സ് രൂപങ്ങളെക്കുറിച്ചുള്ള ചില അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കേണ്ടത് പ്രധാനമാണ്.

## നിങ്ങളുടെ സ്വകാര്യ ധനകാര്യങ്ങൾ സംരക്ഷിക്കുക

ഒരു ബിസിനസ്സ് ഉടമയിൽ നിന്ന് വേറിട്ടുനിൽക്കുന്ന ഒരു നിയമപരമായ സ്ഥാപനമാകാം. ഒരു വ്യക്തിയെപ്പോലുള്ള ഒരു നിയമപരമായ സ്ഥാപനത്തിനും, എഗ്രിമെന്റുകളിൽ അഥവാ കരാറുകളിൽ ഏർപ്പെടാനും, കടം എടുക്കാനും കൊടുക്കാനും, കേസെടുക്കാനും, കേസിലകപ്പെടാനും, അതിന്റെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദികളായിരിക്കാനുമുള്ള നിയമപരമായ ശേഷിയുണ്ട്.

നിങ്ങളുടെ ബിസിനസ്സ് ഒരു പ്രത്യേക നിയമ സ്ഥാപനമായിരിക്കുമ്പോൾ നിങ്ങൾക്ക് **പരിമിതമായ വ്യക്തിഗത ബാധ്യത** മാത്രമാണ് ഉണ്ടാവാൻ ഇടയുള്ളത്. ബിസിനസ്സിന്റെ കടങ്ങൾക്കുള്ള നിങ്ങളുടെ ബാധ്യത സാധാരണയായി ബിസിനസ്സിലെ നിങ്ങളുടെ വ്യക്തിഗത നിക്ഷേപത്തിൽ പരിമിതപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ബിസിനസ്സ് ഒരു പ്രത്യേക നിയമപരമായ സ്ഥാപനമായിരിക്കുകയും, അതിനെതിരെ കേസ് വരികയുമാണെങ്കിൽ, ബിസിനസ്സിനെതിരായ ക്ലെയിമുകൾ തീർപ്പാക്കുന്നതിനായി പൊതുവെ നിങ്ങളുടെ വീടോ കാറോ പോലുള്ള നിങ്ങളുടെ സ്വകാര്യ ആസ്തികൾ പിടിച്ചെടുക്കുന്നതിൽ നിന്ന് സുരക്ഷിതമാണ്. ഒരു പ്രത്യേക നിയമപരമായ സ്ഥാപനം വഴി ബിസിനസ്സ് നടത്തുന്നതിന്റെ മറ്റൊരു നേട്ടം, ഉടമയ്ക്ക് ജോലി ചെയ്യാൻ അധികാരമില്ലെങ്കിലോ അല്ലെങ്കിൽ അമേരിക്കയ്ക്ക് പുറത്ത് നിന്ന് ബിസിനസ്സ് നടത്തുകയാണെങ്കിൽ പോലും സ്ഥാപനത്തിന് തന്നെ നിയമപരമായി ബിസിനസ്സ് ചെയ്യാൻ കഴിയും എന്നതാണ്.

ഈ ഗൈഡിൽ, വ്യക്തിഗത ബാധ്യത പരിമിതപ്പെടുത്തുന്നതിന് ന്യൂയോർക്ക് സംസ്ഥാനത്തിൽ രൂപീകരിക്കാൻ കഴിയുന്ന ഇനിപ്പറയുന്ന തരത്തിലുള്ള നിയമ സ്ഥാപനങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും ഞങ്ങൾ സംഗ്രഹിക്കുന്നു: ലിമിറ്റഡ് പാർട്ണർഷിപ്പ്, ലിമിറ്റഡ് ലയബിലിറ്റി കമ്പനി, കോർപ്പറേഷൻ.

നിങ്ങളുടെ ബിസിനസ്സിനായി ഒരു പ്രത്യേക നിയമ സ്ഥാപനത്തിന്റെ **പരിമിതമായ ബാധ്യതയിൽ നിന്ന്** പ്രയോജനം നേടുന്നതിന്:

- നിങ്ങളുടെ സ്വകാര്യ ആസ്തികൾ നിങ്ങളുടെ ബിസിനസ് ആസ്തികളിൽ നിന്ന് വേറിട്ട് നിൽക്കുന്നു എന്ന് ഉറപ്പാക്കുക
- നിങ്ങളുടെ നിയമപരമായ സ്ഥാപനത്തിനായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കുക
- കരാറുകളിലും പരസ്യങ്ങളിലും (നിങ്ങളുടെ പേരിന് പകരം) നിയമപരമായ സ്ഥാപനത്തിന്റെ പേര് ഉപയോഗിക്കുക
- ഒരു പ്രത്യേക ടാക്സ് ഐഡി നമ്പർ (EIN) നേടുകയും ആവശ്യമുള്ളപ്പോൾ നിങ്ങളുടെ നിയമപരമായ സ്ഥാപനത്തിന് പ്രത്യേക നികുതി റിട്ടേണുകൾ ഫയൽ ചെയ്യുകയും ചെയ്യുക.

## എന്താണ് ഒരു ITIN?


നിങ്ങൾ വരുമാനം ഉണ്ടാക്കുമ്പോൾ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. ഒരു സോഷ്യൽ സെക്യൂരിറ്റി നമ്പർ ലഭിക്കാൻ യോഗ്യതയില്ലാത്തതും, എന്നാൽ നികുതി ഫയൽ ചെയ്യേണ്ടതുമായ ആളുകൾക്ക് ഇന്റേണൽ റവന്യൂ സർവീസ് (IRS) ഒരു വ്യക്തിഗത നികുതിദായക ഐഡന്റിഫിക്കേഷൻ നമ്പർ (ITIN) നൽകുന്നു. നിങ്ങൾക്ക് ഒരു സോഷ്യൽ സെക്യൂരിറ്റി നമ്പർ (SSN) ഉണ്ടെങ്കിൽ, നിങ്ങൾ ഒരു ITIN-ന് യോഗ്യനല്ല. നിങ്ങളുടെ വർക്ക് അംഗീകാരം കാലഹരണപ്പെട്ടാലും, നികുതികൾ ഫയൽ ചെയ്യുന്നതിനായി നിങ്ങളുടെ SSN എല്ലായ്പ്പോഴും സാധുവായിരിക്കും.

നിങ്ങളുടെ കുടിയേറ്റ അവസ്ഥ പരിഗണിക്കാതെ, ക്രെഡിറ്റ് ആക്സസ് ചെയ്യുന്നതോ ബാങ്ക് അക്കൗണ്ട് തുറക്കുന്നതോ ഉൾപ്പെടെ നിരവധി സാമ്പത്തിക സേവനങ്ങൾ ലഭിക്കുന്നതിന് നിങ്ങൾക്ക് ഒരു ITIN ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ പണം, നിങ്ങളുടെ ഭാവി! . സാമ്പത്തിക വിദ്യാഭ്യാസത്തിനും ശാക്തീകരണത്തിനുമുള്ള ഒരു അടിസ്ഥാന ഗൈഡ്, വ്യക്തിഗത സാമ്പത്തിക ഓപ്ഷനുകൾ മനസ്സിലാക്കാൻ കുടിയേറ്റക്കാരെ സഹായിക്കുന്നതിനുള്ള ഒരു സ്രോതസ്സ് പരിശോധിക്കുക

## എന്താണ് ഒരു EIN?

ഫെഡറൽ, ന്യൂയോർക്ക് സ്റ്റേറ്റ് നികുതി ആവശ്യങ്ങൾക്കായി, ജീവനക്കാരുള്ള ഏതൊരു ബിസിനസ്സും ഒരു തൊഴിലുടമ ഐഡന്റിഫിക്കേഷൻ നമ്പർ (EIN) നേടിയിരിക്കണം. കോർപ്പറേഷനുകളും മിക്ക ലിമിറ്റഡ് ലയബിലിറ്റി കമ്പനികളും (LLCs) ഒരു EIN നേടിയിരിക്കണം. സാധാരണഗതിയിൽ, ഒരു ബിസിനസ്സിന് ഒരു ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് ബാങ്കുകൾക്ക് ഒരു EIN ആവശ്യമാണ്. ഒരു EIN നേടുന്നതിന്, ഒരു ബിസിനസ്സ് IRS -ന് ഫോം SS-4 ("തൊഴിൽ ദാതാവിന്റെ ഐഡന്റിഫിക്കേഷൻ നമ്പറിനുള്ള അപേക്ഷ") സമർപ്പിക്കുകയോ ഫോണിലൂടെയോ ഓൺലൈനായോ അപേക്ഷിക്കുകയോ ചെയ്യാം.




## നിങ്ങളുടെ ബിസിനസ്സ് ടാക്സ് ബാധ്യതകൾ മനസ്സിലാക്കുക

കുടിയേറ്റ അവസ്ഥ പരിഗണിക്കാതെ തന്നെ, യുഎസിൽ വരുമാനം നേടുന്ന ഏതൊരാളും ഫെഡറൽ, സംസ്ഥാന, പ്രാദേശിക സർക്കാരിന് നികുതി നൽകണം. നികുതി ആവശ്യകതകൾ നിങ്ങൾ അവിവാഹിതനായാണോ വിവാഹിതനായാണോ ഫയൽ ചെയ്യുന്നത്, പ്രതിവർഷം നിങ്ങൾ സമ്പാദിക്കുന്ന തുക, ന്യൂയോർക്ക് സ്റ്റേറ്റിനുള്ളിൽ നിങ്ങൾ താമസിക്കുന്ന സ്ഥലം എന്നിവ ഉൾപ്പെടെയുള്ള നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

സാധാരണയായി, നിങ്ങളുടെ ബിസിനസ്സ് ഘടന എത്ര ലളിതമാണോ അത്രയും ലളിതമാണ് നിങ്ങളുടെ നികുതി ആവശ്യകതകൾ. നിങ്ങളുടെ വ്യക്തിഗത ആദായ നികുതി റിട്ടേണിൽ നിങ്ങളുടെ ബിസിനസ്സിൽ നിന്ന് സമ്പാദിച്ച വരുമാനം റിപ്പോർട്ട് ചെയ്യാൻ നിങ്ങളെ അനുവദിക്കുന്ന ചില ബിസിനസ്സ് ഘടനകളുണ്ട്, ഇത് ബിസിനസ്സ് ഉടമകൾക്ക് നികുതി തയ്യാറാക്കൽ എളുപ്പമാക്കുന്നു.


**ഈ ഗൈഡ് നികുതി ഉപദേശം നൽകാൻ ഉദ്ദേശിച്ചുള്ളതല്ല എന്നത് മനസ്സിലാക്കുക. യോഗ്യതയുള്ള ഒരു ടാക്സ് പ്രൊഫഷണലിൽ നിന്ന് നികുതി ഉപദേശം തേടാൻ കുടിയേറ്റ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നു.** നിങ്ങളുടെ ബിസിനസ്സുമായി ബന്ധപ്പെട്ട നികുതി ചോദ്യങ്ങളിൽ നിങ്ങളെ സഹായിക്കാൻ യോഗ്യരായേക്കാവുന്ന സംഘടനകളെയും റിസോഴ്സ് സെക്ഷൻ പരാമർശിക്കുന്നു.

# രണ്ട് ബിസിനസ്സുകളുടെ ഒരു കഥ

## ലിമിറ്റഡ് ലയബിലിറ്റി കമ്പനി*

മൂന്ന് സുഹൃത്തുക്കൾ ഒരുമിച്ച് ലാൻഡ്സ്കേപ്പിംഗ് ബിസിനസ്സ് ആരംഭിക്കുന്നു. അവർ തങ്ങളുടെ ബിസിനസ്സ് ഒരു ലിമിറ്റഡ് ലയബിലിറ്റി കമ്പനിയായി (LLC) രജിസ്റ്റർ ചെയ്യുന്നു. അവരുടെ LLC ഒരു പ്രത്യേക നിയമ സ്ഥാപനമാണ്.


ഓരോ അംഗവും സ്റ്റാർട്ടപ്പ് ചെലവുകൾക്കായി $400 നിക്ഷേപിക്കുകയും കമ്പനിക്ക് ഒരു ബാങ്കിൽ നിന്ന് **ബിസിനസ് വായ്പ** ലഭിക്കുകയും ചെയ്യുന്നു.




ബിസിനസ്സ് പരാജയപ്പെടുകയും ഏതാനും മാസങ്ങൾക്ക് ശേഷം $8,000 കടബാധ്യതയോടെ അവസാനിക്കുകയും ചെയ്യുന്നു.




ലിമിറ്റഡ് ലയബിളിറ്റി കമ്പനിയിലെ ഓരോ അംഗവും സംഭാവന ചെയ്ത $400 എന്നതിലേക്കും ബിസിനസിന്റെ മറ്റേതെങ്കിലും ആസ്തികളിലേക്കും നഷ്ടം രിമിതപ്പെടുത്തിയിരിക്കുന്നു.





LLC യുടെ കടങ്ങൾക്ക് ബിസിനസ്സ് ഉടമകൾ വ്യക്തിപരമായി ബാധ്യസ്ഥരല്ല, അവരുടെ സ്വകാര്യ ആസ്തികൾ സുരക്ഷിതവുമാണ്.



## സോൾ പ്രൊപ്രൈറ്റർ

ഒരു സോൾ പ്രൊപ്രൈറ്റർ സ്വന്തം ലാൻഡ്സ്കേപ്പിംഗ് ബിസിനസ്സ് ആരംഭിക്കുന്നു. അവളും അവളുടെ ബിസിനസ്സും നിയമപ്രകാരം ഒരു നിയമപരമായ സ്ഥാപനമായി കണക്കാക്കപ്പെടുന്നു.

അവൾ തന്റെ സമ്പാദ്യത്തിന്റെ $400 നിക്ഷേപിക്കുകയും അവളുടെ പുതിയ ബിസിനസ്സിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരു **വ്യക്തിഗത** ക്രെഡിറ്റ് കാർഡ് എടുക്കുകയും ചെയ്യുന്നു.





ബിസിനസ്സ് വിജയിക്കാതെ $8,000 ക്രെഡിറ്റ് കാർഡ് കടത്തിൽ അവസാനിക്കുന്നു.




സോൾ പ്രൊപ്രൈറ്റർക്ക് അവൾ നിക്ഷേപിച്ച $400 നഷ്ടപ്പെട്ടു, ഇപ്പോൾ $8,000 ക്രെഡിറ്റ് കാർഡ് കടവും പലിശയും തിരിച്ചടയ്ക്കാനുള്ള ഉത്തരവാദിത്തമുണ്ട്.




അവൾ കടം തിരിച്ചടച്ചില്ലെങ്കിൽ, അവളുടെ കാറും വീടും വ്യക്തിഗത സമ്പാദ്യവും ഉൾപ്പെടെ കടം വീട്ടാൻ ക്രെഡിറ്റ് കാർഡ് കമ്പനി അവളുടെ സ്വകാര്യ ആസ്തികൾക്ക് പിന്നാലെ വരും!



*ഞങ്ങൾ ഈ ഉദാഹരണത്തിൽ ഒരു LLC. ആണ് പരാമർശിക്കുന്നത്, എന്നാൽ ഈ ഗൈഡിൽ പിന്നീട് ചർച്ച ചെയ്ത മറ്റ് തരത്തിലുള്ള നിയമപരമായ സ്ഥാപനങ്ങളും വ്യക്തിഗത ബാധ്യത പരിമിതപ്പെടുത്തുന്നു.

# ആറ് സാധാരണ ബിസിനസ്സ് ഘടനകൾ

കുടിയേറ്റ സംരംഭകർക്ക് പ്രസക്തമായ ആറ് സാധാരണ ബിസിനസ് ഉടമസ്ഥതാ മോഡലുകൾ ന്യൂയോർക്ക് സ്റ്റേറ്റിലുണ്ട്. അവയിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

- **സോൾ പ്രൊപ്രൈറ്റർഷിപ്പ്**
- **പൊതു പങ്കാളിത്തം**
- **പരിമിത പങ്കാളിത്തം**
- **ലിമിറ്റഡ് ലയബിലിറ്റി കമ്പനി (LLC)**
- **കോർപ്പറേഷൻ**
- **തൊഴിലാളി സഹകരണസംഘം**

ഈ ഗൈഡ് ആദ്യത്തെ അഞ്ച് ബിസിനസ് ഘടനകളുടെ ഒരു അവലോകനം നൽകുന്നു. പങ്കാളിത്തങ്ങൾ, LLC-കൾ അല്ലെങ്കിൽ കോർപ്പറേഷനുകൾ വഴി ഒരു സഹകരണസംഘം സ്ഥാപിക്കാവുന്നതാണ്. അതിന്റെ പ്രത്യേക ഘടന കാരണം, ഈ ഗൈഡ് ഒരു സഹകരണത്തിനുള്ള ബിസിനസ് ആവശ്യകതകളെയും ബാധ്യതകളെയും കുറിച്ച് വിശദമായി പറയുന്നില്ല. സഹകരണ സംഘങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, റിസോഴ്സ് സെക്ഷൻ കാണുക.

# സോൾ പ്രൊപ്രൈറ്റർഷിപ്പ്

സോൾ പ്രൊപ്രൈറ്റർഷിപ്പ് ഒരു ബിസിനസ്സ് പ്രവർത്തിപ്പിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ലളിതമായ ബിസിനസ്സ് ഘടനയാണ്. സർക്കാരിൽ ഏതെങ്കിലും രേഖകൾ ഫയൽ ചെയ്യാതെ പോലും നിങ്ങൾ സേവനങ്ങൾ നൽകുകയോ സാധനങ്ങൾ വിൽക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾ ഇതിനകം ഒരു സോൾ പ്രൊപ്രൈറ്റർ ആയിരിക്കാം. മറ്റ് ബിസിനസ് ഘടനകൾക്ക് ആവശ്യമായ ഫീസ് അടയ്ക്കുകയോ ഫോമുകൾ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ലാത്തതിനാൽ സ്റ്റാർട്ടപ്പ് ചെലവുകൾ കുറവാണ്. നിങ്ങളുടെ വ്യക്തിഗത നികുതി റിട്ടേണിൽ നിങ്ങൾ ബിസിനസ്സ് വരുമാനം റിപ്പോർട്ട് ചെയ്യുന്നു, അതിനാൽ നികുതി തയ്യാറാക്കൽ താരതമ്യേന ലളിതമാണ്.

## സോൾ പ്രൊപ്രൈറ്റർഷിപ്പ് സംഗ്രഹം

| | | |
|---|---|---|
| ഉടമകളുടെ # | **ഏക ഉടമ** | വ്യക്തിയാണ് ഏക ബിസിനസ്സ് ഉടമ. |
| സ്റ്റാർട്ടപ്പ് | **ആരംഭിക്കാൻ ഏറ്റവും എളുപ്പമാണ്** | നിങ്ങൾ ബിസിനസ്സ് പ്രവർത്തനങ്ങൾ നടത്താൻ തുടങ്ങിയാൽ നിലവിൽ വരുന്നു. |
| ഫീസ്/ഫോമുകൾ | **ഒന്നുമില്ല അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത്** | *(ഐച്ഛികം)* ബിസിനസ്സ് പേര് ഉടമയിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ, അസ്യൂംഡ് നെയിം സർട്ടിഫിക്കറ്റിന്, കൗണ്ടി അനുസരിച്ച് വ്യത്യാസപ്പെടുന്ന സാധാരണ ഫയലിംഗ് ഫീസ്. |
| നികുതി തയ്യാറാക്കൽ | **ലളിതമായത്** | നിങ്ങളുടെ വ്യക്തിഗത ആദായ നികുതി റിട്ടേണിൽ നിങ്ങൾ ബിസിനസ്സ് വരുമാനം റിപ്പോർട്ട് ചെയ്യുന്നു. |
| ബാധ്യത | **ഉയർന്ന വ്യക്തിഗത സാമ്പത്തിക നഷ്ടസാദ്ധ്യത** | ബിസിനസ്സിന്റെ എല്ലാ കടങ്ങൾക്കും ബാധ്യതകൾക്കും ബിസിനസ്സ് ഉടമ ഉത്തരവാദിയാണ്, കൂടാതെ വ്യക്തിഗത ആസ്തികൾ നഷ്ടസാദ്ധ്യതയിലാണ്. |
| തുടർ ആവശ്യകതകൾ | **നടന്നുകൊണ്ടിരിക്കുന്ന പുതുക്കലുകൾ / ഫയലിംഗുകൾ ഇല്ല** | ഒരു സോൾ പ്രൊപ്രൈറ്റർഷിപ്പ് നിലനിർത്തുന്നതിന് നിങ്ങൾ ഏതെങ്കിലും സർക്കാർ ഏജൻസികൾക്ക് അധിക ഫയലിംഗുകളൊന്നും സമർപ്പിക്കേണ്ടതില്ല. |
| ഇവർക്ക് നല്ലതാണ് | ഇലക്ട്രോണിക് റിപ്പയർ സേവനങ്ങൾ, ലാൻഡ്സ്കേപ്പർമാർ, വീട്ടുജോലിക്കാർ, അധ്യാപകർ, എഴുത്തുകാർ, കലാകാരന്മാർ | |

# പൊതു പങ്കാളിത്തം (General Partnership)

സാമ്പത്തിക ബാധ്യതയോ നഷ്ടസാധ്യതയോ പങ്കിടാനും ഒരുമിച്ച് ബിസിനസ്സ് തീരുമാനങ്ങൾ എടുക്കാനും ആഗ്രഹിക്കുന്ന രണ്ടോ അതിലധികമോ ബിസിനസ്സ് ഉടമകൾക്ക് ഒരു പൊതു പങ്കാളിത്തം നന്നായി പ്രവർത്തിക്കുന്നു. പരസ്പരം വിശ്വസിക്കുന്ന ബിസിനസ്സ് ഉടമകൾക്കായി ഇത് പ്രവർത്തിക്കുന്നു, കാരണം മറ്റ് പങ്കാളികൾ എടുക്കുന്ന തീരുമാനങ്ങൾക്ക് ഓരോ പങ്കാളിയും ഉത്തരവാദികളാണ്.

ഒരു സോൾ പ്രൊപ്രൈറ്റർഷിപ്പ് പോലെ, ഒരു പൊതു പങ്കാളിത്തം രൂപീകരിക്കുന്നതിന് കടലാസുപണികൾ ഒന്നും തന്നെയില്ല. നിങ്ങൾ മറ്റൊരു വ്യക്തിയുമായി ബിസിനസ്സ് പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ബിസിനസ്സിലെ പങ്കാളികളായി നിങ്ങളെത്തന്നെ നിലനിർത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾ ഇതിനകം ഒരു പൊതു പങ്കാളിത്തത്തിലായിരിക്കാം. പങ്കാളികൾ ഓരോ പങ്കാളിയുടെയും അവകാശങ്ങളും ഉത്തരവാദിത്തങ്ങളും എന്താണെന്നും ഓരോ പങ്കാളിയും എത്രമാത്രം നിക്ഷേപിക്കുന്നുവെന്നും പങ്കാളികൾ എങ്ങനെ പ്രശ്നങ്ങൾ പരിഹരിക്കുന്നുവെന്നും വിശദീകരിക്കുന്ന ഒരു സുപ്രധാന രേഖയായ ഒരു പങ്കാളിത്ത കരാർ തയ്യാറാക്കാൻ ശുപാർശ ചെയ്യുന്നു. മറ്റുവിധത്തിൽ പ്രസ്താവിക്കുന്ന ഒരു പങ്കാളിത്ത കരാർ ഇല്ലെങ്കിൽ, എല്ലാ ലാഭനഷ്ടങ്ങളും പങ്കാളികൾക്കിടയിൽ തുല്യമായി വിഭജിക്കപ്പെടും. **ഒരു പങ്കാളിത്ത കരാർ തയ്യാറാക്കുന്നതിന് നിങ്ങൾ നിയമസഹായം തേടണം.**

ഒരു സോൾ പ്രൊപ്രൈറ്റർഷിപ്പിന്റെ കാര്യത്തിലെന്നപോലെ, ഒരു പൊതു പങ്കാളിത്തത്തിൽ വ്യക്തിഗത ആസ്തികൾ സംരക്ഷിക്കപ്പെടുന്നില്ല, കൂടാതെ ഒരു പങ്കാളിയുടെ വ്യക്തിപരമായ ആസ്തികൾ മറ്റേ പങ്കാളിയുടെ മോശം തീരുമാനങ്ങളുടെ ഫലമായി നഷ്ടസാദ്ധ്യതയിലായേക്കാവുന്നതുമാണ്.



## പങ്കാളിത്ത കരാറുകൾ

ബിസിനസ്സുമായി ബന്ധപ്പെട്ട് ഓരോ പങ്കാളിയുടെയും അവകാശങ്ങളും ഉത്തരവാദിത്തങ്ങളും എന്താണെന്ന് വ്യക്തമാക്കുന്ന ഒരു പ്രധാന രേഖയാണ് പങ്കാളിത്ത കരാർ. പങ്കാളിത്ത കരാറുകൾ പൊതു പങ്കാളിത്തത്തിന് ശക്തമായി നിർദ്ദേശിക്കപ്പെടുന്നു, അത് പരിമിതമായ പങ്കാളിത്തത്തിനും ആവശ്യമാണ്. ഒരു പങ്കാളിത്ത കരാർ ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു:

- ഓരോ പങ്കാളിയും എത്രയാണ് നിക്ഷേപിക്കുന്നത്?
- ഓരോ പങ്കാളിയുടെയും ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്?
- പങ്കാളികൾ എങ്ങനെ തീരുമാനങ്ങൾ എടുക്കും?
- പങ്കാളികൾ എങ്ങനെ ലാഭനഷ്ടങ്ങൾ പങ്കിടും?
- പങ്കാളികൾ അഭിപ്രായവ്യത്യാസങ്ങൾ എങ്ങനെ പരിഹരിക്കും?
- ഒരു പങ്കാളി ബിസിനസ്സ് ഉപേക്ഷിക്കാൻ തീരുമാനിക്കുമ്പോഴോ ബിസിനസ്സിലുള്ള അവളുടെ/അവന്റെ താൽപ്പര്യം വിൽക്കുമ്പോഴോ എന്ത് സംഭവിക്കും?

## പൊതു പങ്കാളിത്ത സംഗ്രഹം

| | | |
|---|---|---|
| ഉടമകളുടെ # | **2+ ഉടമകൾ** | പങ്കാളികൾക്കാണ് ബിസിനസ്സ് ഉടമസ്ഥത. |
| സ്റ്റാർട്ടപ്പ് | **ആരംഭിക്കാൻ ഏറ്റവും എളുപ്പമാണ്** | നിങ്ങൾ ബിസിനസ്സ് പ്രവർത്തനങ്ങൾ നടത്തുമ്പോൾ നിലവിൽ വരുന്നു. |
| ഫീസ്/ ഫോമുകൾ | **ഒന്നുമില്ല അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത്** | *(ഐച്ഛികം)* ബിസിനസ്സ് പേര് ഉടമയുടേതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ, Assumed Name Certificate-ന്, സാധാരണ ഫയലിംഗ് ഫീസ്, ഇത് കൗണ്ടി അനുസരിച്ച് വ്യത്യാസപ്പെടാം. ഒരു പങ്കാളിത്ത കരാർ തീർത്തും അഭികാമ്യം. |
| നികുതി തയ്യാറാക്കൽ | **ലളിതമായത്** | പങ്കാളികൾ അവരുടെ വ്യക്തിഗത ആദായ നികുതി റിട്ടേണിൽ ബിസിനസ് വരുമാനം റിപ്പോർട്ട് ചെയ്യുന്നു. പങ്കാളിത്തത്തിനായുള്ള ഒരു വിവര റിട്ടേണും ഫയൽ ചെയ്യണം. |
| ബാധ്യത | **ഉയർന്ന വ്യക്തിഗത സാമ്പത്തിക നഷ്ടസാദ്ധ്യത** | ഓരോ പങ്കാളിയും മറ്റ് പങ്കാളികളുടെ പ്രവർത്തനങ്ങൾക്ക് വ്യക്തിപരമായി ബാധ്യസ്ഥനാകാം. വ്യക്തിഗത ആസ്തികൾ നഷ്ടസാദ്ധ്യതയിലാണ്. |
| തുടർ ആവശ്യകതകൾ | **തുടർന്നുകൊണ്ടിരിക്കുന്ന പുതുക്കലുകൾ / ഫയലിംഗുകൾ ഇല്ല** | നിങ്ങളുടെ ബിസിനസ്സിന്റെ നിയമപരമായ നിലനിൽപ്പിന് നിങ്ങൾ സർക്കാരിന് ഒന്നും സമർപ്പിക്കേണ്ടതില്ല. |
| ഇവർക്ക് നല്ലതാണ് | കുടുംബ ബിസിനസുകൾ • ദീർഘകാല ബന്ധങ്ങൾ ഉള്ളവരും പരസ്പരം വിശ്വസിക്കുന്നവരുമായ പങ്കാളികൾ. | |

# പരിമിത പങ്കാളിത്തം (Limited Partnership)

പരിമിതമായ പങ്കാളിത്തത്തിൽ, രണ്ട് തരത്തിലുള്ള ഉടമകളുണ്ട്, ഒരു പൊതു പങ്കാളിയും ഒരു പരിമിത പങ്കാളിയും. ഒരു **പൊതു പങ്കാളി** പരിമിതമായ പങ്കാളിത്തത്തിന്റെ ബിസിനസ്സ് കൈകാര്യം ചെയ്യുന്നതിലും, ഇടപാടുകൾ നടത്തുന്നതിലും, തീരുമാനങ്ങൾ എടുക്കുന്നതിലും, പങ്കാളിത്തത്തിന് വേണ്ടി പ്രവർത്തിക്കുന്നതിലും ഒരു സോൾ പ്രൊപ്രൈറ്റർഷിപ്പോ പൊതു പങ്കാളിത്തമോ ഉള്ള ഒരു ഉടമയുടെ അതേ രീതിയിൽ പ്രവർത്തിക്കുന്നു

ഒരു **പരിമിത പങ്കാളി** ഒരു നിഷ്ക്രിയ നിക്ഷേപകനാണ്. അവർ പണം നിക്ഷേപിക്കുകയും ലാഭത്തിന്റെ ഭാഗം സ്വീകരിക്കുകയും ചെയ്യുന്നു, എന്നാൽ അവർക്ക് ബിസിനസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കാനോ പങ്കാളിത്തത്തിന് വേണ്ടി പ്രവർത്തിക്കാനോ കഴിയില്ല. പൊതു പങ്കാളികളിൽ നിന്ന് വ്യത്യസ്തമായി, ഒരു പരിമിത പങ്കാളിയുടെ സ്വകാര്യ ആസ്തികൾ സംരക്ഷിക്കപ്പെടുന്നു. പരിമിതമായ പങ്കാളികളുടെ ബാധ്യത ബിസിനസിൽ നിക്ഷേപിച്ച പണത്തിൽ പരിമിതപ്പെട്ടിരിക്കുന്നു.

പരിമിതമായ പങ്കാളിത്തത്തിന് ഒരു സോൾ പ്രൊപ്രൈറ്റർഷിപ് അല്ലെങ്കിൽ പൊതു പങ്കാളിത്തം എന്നിവയേക്കാൾ കൂടുതൽ ജോലികൾ ആവശ്യമാണ്, കാരണം നിങ്ങൾ ന്യൂയോർക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് (DOS) -ൽ രേഖകൾ ഫയൽ ചെയ്യുകയും അനുബന്ധ ഫീസ് അടയ്ക്കുകയും വേണം. ബിസിനസ്സ് നടത്താനോ അല്ലെങ്കിൽ പൊതു പങ്കാളിയുടെ ബിസിനസ്സ് തീരുമാനങ്ങൾക്ക് ഉത്തരവാദികളാവാനോ ആഗ്രഹിക്കാത്ത നിക്ഷേപകരുള്ള ഉടമകൾക്ക് ഈ ബിസിനസ്സ് ഘടന നല്ലതാണ്. പരിമിതമായ പങ്കാളിത്തത്തിന്റെ നിബന്ധനകൾ ഒരു പങ്കാളിത്ത കരാറിൽ രേഖപ്പെടുത്തിയിരിക്കണം (പേജ് 17 കാണുക).

## പത്ര പ്രഖ്യാപനം

ലിമിറ്റഡ് പാർട്ണർഷിപ്പുകളും ലിമിറ്റഡ് ലയബിലിറ്റി കമ്പനികളും തങ്ങളുടെ ബിസിനസ്സിന്റെ സ്ഥാപനയെ പറ്റി തുടർച്ചയായി ആറ് ആഴ്ച രണ്ട് വ്യത്യസ്ത പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. കൗണ്ടിയെ ആശ്രയിച്ച്, പത്ര പ്രസിദ്ധീകരണ ചെലവ് വർദ്ധിച്ചേക്കാം.

### പൊതു പങ്കാളി

- പണം നിക്ഷേപിക്കുകയും അവരുടെ ലാഭവിഹിതം സ്വീകരിക്കുകയും ചെയ്യുന്നു.
- ബിസിനസ്സ് നിയന്ത്രിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു
- പങ്കാളിത്തത്തിന് വേണ്ടി പ്രവർത്തിക്കുന്നു
- ബിസിനസിന്റെ കടങ്ങൾക്ക് വ്യക്തിപരമായി ബാധ്യതയുണ്ട്. (ഒരു ബിസിനസ്സ് ഉടമയ്ക്ക് പരിമിതമായ ബാധ്യത നൽകുന്നതിന് പൊതു പങ്കാളിയായി പ്രവർത്തിക്കാൻ ഒരു നിയമപരമായ സ്ഥാപനം പ്രത്യേകമായി രൂപീകരിക്കാൻ കഴിയും, എന്നാൽ ഇത് സങ്കീർണ്ണത വർദ്ധിപ്പിക്കുന്നു.)

### പരിമിത പങ്കാളി

- പണം നിക്ഷേപിക്കുകയും അവരുടെ ലാഭവിഹിതം സ്വീകരിക്കുകയും ചെയ്യുന്നു.
- ബിസിനസ് കൈകാര്യം ചെയ്യുന്നില്ല
- പങ്കാളിത്തത്തിന് വേണ്ടി പ്രവർത്തിക്കാൻ കഴിയില്ല
- വ്യക്തിഗത സ്വത്തുക്കൾ സംരക്ഷിക്കപ്പെടുന്നു. സാമ്പത്തിക നഷ്ടസാധ്യത പ്രാരംഭ നിക്ഷേപത്തിൽ പരിമിതപ്പെട്ടിരിക്കുന്നു.

## പരിമിതമായ പങ്കാളിത്ത സംഗ്രഹം

| | | |
|---|---|---|
| ഉടമകളുടെ # | **2+ ഉടമകൾ** | രണ്ട് തരത്തിലുള്ള ഉടമകളുണ്ട്, ഓരോന്നിലും കുറഞ്ഞത് ഒരാളെങ്കിലും ആവശ്യമാണ്: ഒരു പൊതു പങ്കാളിയും ഒരു പരിമിത പങ്കാളിയും. |
| സ്റ്റാർട്ടപ്പ് | **ആരംഭിക്കുന്നതിന് കൂടുതൽ പരിശ്രമം ആവശ്യമാണ്** | രൂപീകരണത്തിന് ആവശ്യമായ രേഖകൾ:<br>▶ ലിമിറ്റഡ് പാർട്ണർഷിപ്പിന്റെ സർട്ടിഫിക്കറ്റ്<br>▶ പ്രസിദ്ധീകരണത്തിന്റെ സർട്ടിഫിക്കറ്റും പ്രസിദ്ധീകരണത്തിന്റെ സത്യവാങ്മൂലവും (പത്ര പ്രസിദ്ധീകരണത്തിന് ശേഷം) |
| ഫീസ്/ ഫോമുകൾ | **ന്യായമായ ചെലവുള്ളത്** | $200 ഫയലിംഗ് ഫീസ്, $50 പ്രസിദ്ധീകരണ സർട്ടിഫിക്കറ്റ് ഫയലിംഗ് ഫീസ്, കൂടാതെ $600- $1,200 പത്ര പ്രസിദ്ധീകരണത്തിന്റെ സാധാരണ ചിലവ്. ഒരു പങ്കാളിത്ത കരാർ ആവശ്യമാണ്. |
| നികുതി തയ്യാറാക്കൽ | **ലളിതമായത്** | നിങ്ങളുടെ വ്യക്തിഗത ആദായ നികുതി റിട്ടേണിൽ നിങ്ങൾ ബിസിനസ്സ് വരുമാനം റിപ്പോർട്ട് ചെയ്യുന്നു. പങ്കാളിത്തത്തിനായുള്ള ഒരു വിവര റിട്ടേണും ഫയൽ ചെയ്യണം. |
| ബാധ്യത | **പൊതു പങ്കാളികൾക്ക് ഉയർന്ന വ്യക്തിഗത നഷ്ടസാധ്യത** | ഓരോ പൊതു പങ്കാളിയും ബിസിനസ് കടങ്ങൾക്ക് വ്യക്തിപരമായി ഉത്തരവാദിയാണ്. പരിമിതമായ പങ്കാളിയുടെ ബാധ്യത അവർ ബിസിനസിലേക്ക് നിക്ഷേപിക്കുന്നതിലേക്ക് പരിമിതപ്പെട്ടിരിക്കുന്നു. |
| തുടർ ആവശ്യകതകൾ | **ഉണ്ട്** | ഒരു രേഖാമൂലമുള്ള പങ്കാളിത്ത കരാർ ആവശ്യമാണ് കൂടാതെ പൊതു പങ്കാളികൾ ഒപ്പിടുകയും വേണം. |
| ഇവർക്ക് നല്ലതാണ് | നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന, എന്നാൽ തീരുമാനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കാത്ത പങ്കാളികളുള്ള സംരംഭകർ. | |

# ലിമിറ്റഡ് ലയബിലിറ്റി കമ്പനി

ലിമിറ്റഡ് ലയബിലിറ്റി കമ്പനി (LLC) പരിമിതമായ ബാധ്യതയോ കുറഞ്ഞ വ്യക്തിഗത സാമ്പത്തിക അപകടസാധ്യതയോ വാഗ്ദാനം ചെയ്യുന്നു, ഇത് സോൾ പ്രൊപ്രൈറ്റർഷിപ്പിനെയും പാർട്ണർഷിപ്പ് ഘടനയെയും അപേക്ഷിച്ച് വലിയ ഗുണമാണ്. നിയമപ്രകാരം, ബിസിനസ്സ് ബിസിനസ്സ് ഉടമയിൽ നിന്ന് വ്യത്യസ്തമായ നിയമപരമായ സ്ഥാപനമാണ്, കൂടാതെ എല്ലാ ഉടമയും (കളും) അവരുടെ സ്വകാര്യ ആസ്തികളുടെ പരിരക്ഷ നേടുന്നു. പരിമിതമായ ബാധ്യത നിലനിർത്തുന്നതിന്, ഉടമകൾ LLC-ക്കായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കണം, ബിസിനസ്  ചെലവുകൾ വഹിക്കുന്നതിന് മതിയായ തുക LLC-യിൽ നിക്ഷേപിക്കണം, സ്വകാര്യ ആസ്തികൾ ബിസിനസ് ആസ്തികളുമായി കൂട്ടിക്കലർത്തരുത്, കൂടാതെ LLC ഫണ്ടുകൾ വ്യക്തിഗത ചെലവുകൾക്ക് ഉപയോഗിക്കരുത്.

ഒരു LLC-യിലെ അംഗങ്ങൾ എന്ന് അറിയപ്പെടുന്ന ഉടമകൾക്ക് ബിസിനസ് സ്വയം നിയന്ത്രിക്കാനോ ബിസിനസ് നടത്തുന്നതിന് മാനേജർമാരെ നിയോഗിക്കുകയോ ചെയ്യാം. മാനേജർമാരെ ജീവനക്കാരായി കണക്കാക്കാം, അതുകൊണ്ട് അവർക്ക് ജോലി ചെയ്യാൻ അധികാരം ഉണ്ടായിരിക്കണം. **ഈ മേഖലയിലെ നിയമം അനിശ്ചിതമാണ്, അതിനാൽ ജോലി ചെയ്യാൻ അധികാരമില്ലാത്ത വ്യക്തികൾ LLC യുടെ ഉടമകളാണെങ്കിൽപ്പോലും ഒരു LLC യുടെ മാനേജരായി നിയമിക്കപ്പെടുന്നതിന് മുമ്പ് നിയമോപദേശം തേടേണ്ടതാണ്.**

ഒരു LLC-യുടെ അംഗങ്ങൾക്ക് LLC രൂപീകരിക്കുമ്പോൾ നികുതി ഘടന കൂടി തിരഞ്ഞെടുക്കാം. ഒരു കോർപ്പറേഷൻ പോലെ LLC ക്ക് നികുതി ചുമത്താൻ IRS തിരഞ്ഞെടുക്കുന്നില്ലെങ്കിൽ, ഉടമകൾ അവരുടെ വ്യക്തിഗത നികുതി റിട്ടേണുകളിൽ ബിസിനസ്സ് വരുമാനം റിപ്പോർട്ട് ചെയ്യും. **ഒരു LLC യിലെ അംഗങ്ങൾ അവരുടെ ഓപ്ഷനുകളെക്കുറിച്ച് ഒരു നികുതി വിദഗ്ധനിൽ നിന്ന് ഉപദേശം തേടണം.**



## പ്രവർത്തന കരാർ

ഒരു ഓപ്പറേറ്റിംഗ് കരാർ എന്നത് LLCകൾ ഉപയോഗിക്കുന്ന ഒരു പ്രധാന രേഖയാണ്, അത് അതിന്റെ അംഗങ്ങൾ, മാനേജർമാർ, ജീവനക്കാർ അല്ലെങ്കിൽ ഏജന്റുമാരുടെ അവകാശങ്ങൾ, അധികാരങ്ങൾ, ഉത്തരവാദിത്തങ്ങൾ എന്നിവ നിർണ്ണയിക്കുന്നു. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ഫയൽ ചെയ്യുന്നതിന് മുമ്പോ, ആ സമയത്തോ, അല്ലെങ്കിൽ 90 ദിവസത്തിനുള്ളിലോ പ്രവർത്തന ഉടമ്പടിയിൽ ഏർപ്പെടാം.

# ലിമിറ്റഡ് ലയബിലിറ്റി കമ്പനി സംഗ്രഹം

| | | |
|---|---|---|
| ഉടമകളുടെ # | **1 + ഉടമകൾ** | LLCകൾക്ക് ഒരു ഉടമയോ അല്ലെങ്കിൽ LLC യുടെ ഉടമസ്ഥതയിലുള്ള നിരവധി അംഗങ്ങളോ ഉണ്ടായിരിക്കാം. |
| സ്റ്റാർട്ടപ്പ് | **ആരംഭിക്കുന്നതിന് കൂടുതൽ പ്രയത്നം ആവശ്യമാണ്** | രൂപീകരണത്തിന് ആവശ്യമായ രേഖകൾ:<br>▶ ആർട്ടിക്കിൾസ് ഓഫ് ഓർഗനൈസേഷൻ<br>▶ പ്രസിദ്ധീകരണത്തിന്റെ സർട്ടിഫിക്കറ്റും പ്രസിദ്ധീകരണത്തിന്റെ സത്യവാങ്മൂലവും (ആവശ്യമായ പത്ര പ്രസിദ്ധീകരണത്തിന് ശേഷം) |
| ഫീസ്/ ഫോമുകൾ | **ചെലവേറിയത്** | $200 ആർട്ടിക്കിൾ ഓഫ് ഓർഗനൈസേഷന്റെ ഫയലിംഗ് ഫീസ്, $50 പ്രസിദ്ധീകരണ സർട്ടിഫിക്കറ്റിന് ഫയലിംഗ് ഫീസ്, കൂടാതെ $600- $1,200 പത്ര പ്രസിദ്ധീകരണത്തിന്റെ സാധാരണ ചിലവ്. ഒരു പ്രവർത്തന കരാർ ആവശ്യമാണ്. |
| നികുതി തയ്യാറാക്കൽ | **മിതമായ സങ്കീർണ്ണത** | ബിസിനസ് ഘടനയും അംഗങ്ങളുടെ എണ്ണവും അടിസ്ഥാനമാക്കി ഒരു LLCക്ക് നിരവധി ഓപ്ഷനുകൾ ഉണ്ട്. |
| ബാധ്യത | **കുറഞ്ഞ ബാധ്യത / സാമ്പത്തിക നഷ്ടസാദ്ധ്യത** | ബിസിനസ്സ്, ബിസിനസ്സ് ഉടമയിൽ(കളിൽ) നിന്ന് വേറിട്ട ഒരു നിയമപരമായ സ്ഥാപനമാണ്. ഉടമകൾക്ക് പരിമിതമായ ബാധ്യത, ബിസിനസ്സിൽ നിക്ഷേപിച്ച തുക വരെ മാത്രമേ അവർക്ക് സാമ്പത്തിക ബാധ്യതയുള്ളൂ. |
| തുടർ ആവശ്യകതകൾ | **അതെ - നിലവിലുള്ള റെക്കോർഡ് കീപ്പിംഗ് ആവശ്യകതകൾ** | ▶ ഓർഗനൈസേഷന്റെ സർട്ടിഫിക്കറ്റ് പൂരിപ്പിച്ച് 90 ദിവസങ്ങൾക്കുള്ളിൽ ഒരു പ്രവർത്തന ഉടമ്പടി സ്വീകരിക്കുക.<br>▶ (ഐച്ഛികം) അതിലെ അംഗങ്ങളുടെ/ മാനേജരുടെ മീറ്റിംഗുകൾ നടത്തുക<br>▶ LLC-യുടെയും നികുതി രേഖകളുടെയും ചില റെക്കോർഡുകൾ സൂക്ഷിക്കുക<br>▶ വിലാസം സ്ഥിരീകരിക്കുന്നതിന്/അപ്ഡേറ്റ് ചെയ്യുന്നതിന് ഓരോ 2 വർഷത്തിലും ഒരു Biennial Statement ഫയൽ ചെയ്യുക |
| ഇവർക്ക് നല്ലതാണ് | തങ്ങളുടെ സ്വകാര്യ സമ്പാദ്യവും സമ്പത്തും തങ്ങളുടെ ബിസിനസിൽ നിന്ന് വേറിട്ട് സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന ഉടമകൾക്ക് തുടർ ആവശ്യകതകൾ നിയന്ത്രിക്കാനാകും. | |


# കോർപ്പറേഷൻ

ഒരു കോർപ്പറേഷൻ സാധാരണയായി നിരവധി ഉടമകളുള്ള വലിയ ബിസിനസുകൾക്കായി ഉപയോഗിക്കുന്നു, കാരണം അത് ഷെയറുകൾ നൽകാനുള്ള യോഗ്യത വാഗ്ദാനം ചെയ്യുന്നു. ഒരു ഓഹരി കോർപ്പറേഷനിലെ ഉടമസ്ഥാവകാശ താൽപ്പര്യത്തെ പ്രതിനിധീകരിക്കുന്നു. ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നതിന് ഗണ്യമായ തുക കടലാസുപണികൾ ആവശ്യമാണ്, കൂടാതെ കാര്യമായ തുടർന്നുകൊണ്ടിരിക്കുന്ന ചെലവുകളും നിയമപരമായ ആവശ്യകതകളും ഉണ്ട്.

ഓരോ കോർപ്പറേഷനും നിയമാവലിയും ഒരു ഡയറക്ടർ ബോർഡും ഓഫീസർമാരും ഉണ്ടായിരിക്കണം. കോർപ്പറേഷൻ രൂപീകരിച്ചതിനുശേഷം, നിയമാവലി സ്വീകരിക്കുന്നതിനും ഡയറക്ടർമാരെ തിരഞ്ഞെടുക്കുന്നതിനുമായി ഷെയർഹോൾഡർമാർ ഒരു സംഘടനാ യോഗം നടത്തണം. ഒരു ചെറിയ ബിസിനസ്സ് ആരംഭിക്കുന്ന ഒരു സംരംഭകന് അനുയോജ്യമായ ഒരു ബിസിനസ് ഘടനയല്ല കോർപ്പറേഷൻ. കുറഞ്ഞ സങ്കീർണ്ണതയും കൂടുതൽ വഴക്കവും എളുപ്പമുള്ള പരിപാലനവും കൊണ്ട് ഒരു LLC, ഒരു ചെറുകിട ബിസിനസ്സ് ഉടമയ്ക്കായി കോർപ്പറേഷന്റെ എല്ലാ ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്യുന്നു.

കൂടാതെ, ജോലി ചെയ്യാൻ അധികാരമില്ലാത്ത ഒരു കുടിയേറ്റ സംരംഭകനെ സംബന്ധിച്ചിടത്തോളം കോർപ്പറേറ്റ് ഘടന പൊതുവെ നഷ്ടസാധ്യതയുള്ളതാണ്. സംരംഭകൻ കോർപ്പറേഷന്റെ ഉദ്യോഗസ്ഥനായാണ് ബിസിനസ്സ് നടത്തുന്നതെങ്കിൽ, അല്ലെങ്കിൽ കോർപ്പറേഷൻ ശമ്പളം നൽകുകയാണെങ്കിൽ, അവരെ ജീവനക്കാരായി കണക്കാക്കാൻ സാധ്യതയുണ്ട്. സംസ്ഥാന, ഫെഡറൽ നികുതി നിയമങ്ങൾ ഉൾപ്പെടെ, ബാധകമായ എല്ലാ നിയമങ്ങൾക്കും അനുസൃതമായി നിങ്ങളുടെ ബിസിനസ്സ് രൂപീകരിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ, നിങ്ങളുടെ ബിസിനസ്സ് പ്ലാനുകൾ വികസിപ്പിക്കുമ്പോൾ നിയമോപദേശവും നിർദ്ദേശങ്ങളും നേടുന്നത് ഉറപ്പാക്കുക. കോർപ്പറേഷനുകളുടെ നികുതി നടത്തിപ്പ് സങ്കീർണ്ണവും ഈ ഗൈഡിന്റെ പരിധിക്കപ്പുറവുമാണ്.

## കോർപ്പറേറ്റ് ഘടന




കമ്പനിയിൽ ഓഹരികൾ വാങ്ങുകയും എത്ര ഓഹരികൾ സ്വന്തമാക്കുകയും ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ ഒരു ശതമാനം സ്വന്തമാക്കിയ ഒരാൾ. ഒരു കോർപ്പറേഷൻ രൂപീകരിക്കുമ്പോൾ, സാധാരണയായി അതിന്റെ ഉടമകൾ ആദ്യ ഓഹരി ഉടമകളാണ്.

ഓഹരി ഉടമകളുടെ താൽപ്പര്യത്തെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഒരു കൂട്ടം വ്യക്തികൾ. ഡയറക്ടർമാർക്കും ഷെയർഹോൾഡർമാരാകാം, എന്നാൽ അത് ആവശ്യമുള്ളതല്ല. ഒരു ബോർഡിന് കുറഞ്ഞത് ഒരു ഡയറക്ടർ ഉണ്ടായിരിക്കണം. കമ്പനിയുടെ പ്രധാന വിഷയങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ഡയറക്ടർമാർ ഉത്തരവാദികളാണ്.

ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങൾക്ക് ഉത്തരവാദിയും ബിസിനസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പ്രവർത്തിക്കാനുള്ള അധികാരവും ഉണ്ട്. **ഓഫീസർമാരെ നിയമപ്രകാരം ജീവനക്കാരായി കണക്കാക്കുകയും യു.എസിൽ ജോലി ചെയ്യുന്നതിന് അവരുടെ നിയമപരമായ സ്ഥിതി തെളിയിക്കുകയും വേണം.**

# കോർപ്പറേഷൻ സംഗ്രഹം

| | | |
|---|---|---|
| ഉടമകളുടെ # | 1 + ഉടമകൾ | കോർപ്പറേഷനുകൾക്ക് സാധാരണയായി നിരവധി ഉടമകളുണ്ട്, അവ ഓഹരിയുടമകൾ എന്നറിയപ്പെടുന്നു, എന്നാൽ ഒരു ഓഹരിയുടമ ഉപയോഗിച്ച് രൂപീകരിക്കാനും കഴിയും. |
| സ്റ്റാർട്ടപ്പ് | ആരംഭിക്കുന്നതിന് നല്ല പ്രയത്നം ആവശ്യമാണ് | ഒരു സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ ഫയൽ ചെയ്തതിന് ശേഷം, ആവശ്യമായ ഉപനിയമങ്ങൾ സ്വീകരിക്കുന്നതിനും ബോർഡ് ഓഫ് ഡയറക്ടറെ (മാരെ) തിരഞ്ഞെടുക്കുന്നതിനും ഒരു ഓർഗനൈസേഷണൽ മീറ്റിംഗ് നടത്തണം. |
| ഫീസ്/ ഫോമുകൾ | വളരെ ചെലവേറിയത് | ഒരു കോർപ്പറേഷൻ ആരംഭിക്കുന്നതിന് ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റിനായി $125 ഫയലിംഗ് ഫീസ് ആവശ്യമാണ്. ഒരു കോർപ്പറേഷൻ നിയമപരമായ കൂടാതെ/ അല്ലെങ്കിൽ അക്കൌണ്ടിംഗ് ഫീസിന് കാര്യമായ ചിലവുകൾക്ക് കാരണമാകും. |
| നികുതി തയ്യാറാക്കൽ | വളരെ സങ്കീർണ്ണം | നികുതി ബാധ്യതകൾ മനസ്സിലാക്കാൻ ഒരു ടാക്സ് പ്രൊഫഷണലുമായി ബന്ധപ്പെടാൻ ബിസിനസ്സ് ഉടമകളെ പ്രോത്സാഹിപ്പിക്കുന്നു. |
| ബാധ്യത | വളരെ കുറഞ്ഞ ബാധ്യത / സാമ്പത്തിക നഷ്ടസാദ്ധ്യത | ബിസിനസ്സ്, ബിസിനസ്സ് ഉടമ(കളിൽ) നിന്ന് വേറിട്ട ഒരു നിയമപരമായ സ്ഥാപനമാണ്. ഉടമകളുടെ ബാധ്യത ബിസിനസിലെ അവരുടെ സാമ്പത്തിക നിക്ഷേപത്തിൽ പരിമിതപ്പെട്ടിരിക്കുന്നു. |
| തുടർ ആവശ്യകതകൾ | അതെ - കർശനമായ തുടർ ആവശ്യകതകൾ | ▶ ഓഹരി ഉടമകളുടെ വാർഷിക & പ്രത്യേക മീറ്റിംഗുകൾ<br>▶ റെഗുലർ & പ്രത്യേക ഡയറക്ടർ ബോർഡ് യോഗം<br>▶ കോർപ്പറേറ്റ്, നികുതി രേഖകൾക്കായി മിനിറ്റ്സും രേഖകളും സൂക്ഷിക്കുക<br>▶ വിലാസം സ്ഥിരീകരിക്കുന്നതിന്/ അപ്ഡേറ്റ് ചെയ്യുന്നതിന് ഓരോ 2 വർഷത്തിലും ഒരു Biennial Statement ഫയൽ ചെയ്യുക |
| ഇവർക്ക് നല്ലതാണ് | ധാരാളം നിക്ഷേപം ആവശ്യമുള്ള, ഓഹരികൾ ഇഷ്യൂ ചെയ്യാനും വിൽക്കാനും ആഗ്രഹിക്കുന്ന നിരവധി ഉടമകളുള്ള വലിയ ബിസിനസുകൾ. | |

## ഏത് ബിസിനസ് ഘടനയാണ് നിങ്ങൾക്ക് അനുയോജ്യം?

# ഒരു ദ്രുത താരതമ്യം


| | സോൾ പ്രൊപ്രൈറ്റർഷിപ്പ് | പൊതു പങ്കാളിത്തം | പരിമിതമായ പങ്കാളിത്തം | ലിമിറ്റഡ് ലയബിലിറ്റി കമ്പനി | കോർപ്പറേഷൻ |
|---|---|---|---|---|---|
| ഉടമകൾ # | 1 ഉടമ | 2+ പങ്കാളി(കൾ) | 2+ പൊതു & പരിമിത പങ്കാളികൾ | 1+ അംഗം(ങ്ങൾ) | 1+ ഓഹരി ഉടമ(കൾ) |
| സ്റ്റാർട്ടപ്പ് പ്രക്രിയ | സുഗമം 🟢 | സുഗമം 🟢 | മിതമായ പ്രയാസം 🟡 | മിതമായ പ്രയാസം 🟠 | വളരെ പ്രയാസം 🔴 |
| ഫീസ്/ ഫോമുകൾ | ഒന്നുമില്ല/ ഏറ്റവും കുറഞ്ഞത് 🟢 | ഒന്നുമില്ല/ ഏറ്റവും കുറഞ്ഞത് 🟢 | ന്യായമായ ചെലവുള്ളത് 🟡 | ന്യായമായ ചെലവുള്ളത് 🔴 | വളരെ ചെലവേറിയത് 🔴 |
| നികുതി തയ്യാറാക്കൽ | ലളിതമായത് 🟢 | മിതമായത് 🟢 | മിതമായത് 🟢 | മിതമായ സങ്കീർണ്ണത 🟠 | വളരെ സങ്കീർണ്ണമായത് 🔴 |
| വ്യക്തിപര ബാധ്യത | ഉയർന്നത് 🔴 | ഉയർന്നത് 🔴 | പൊതു പങ്കാളികൾക്ക് ഉയർന്നത് 🔴 | പരിമിതം 🟢 | പരിമിതം 🟢 |
| തുടർ ആവശ്യകതകൾ | ഒന്നുമില്ല 🟢 | ഒന്നുമില്ല 🟢 | അൽപം 🟡 | അൽപം 🟠 | വിപുലമായ 🔴 |

# തൊഴിലാളി സഹകരണസംഘം

ജീവനക്കാർ ഒരു ബിസിനസ്സ് സ്വന്തമാക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഒരു നൂതന ബിസിനസ്സ് മാതൃകയാണ് ഒരു തൊഴിലാളി സഹകരണസംഘം. തൊഴിലാളികൾ സാധാരണയായി ഒരു സഹകരണ സംഘത്തിൽ അംഗമാകുന്നതിന് പ്രാഥമിക പണ സംഭാവനകൾ നൽകുന്നു, അതിന്റെ ഫലമായി ലാഭത്തിന്റെ ആനുപാതികമായ വിഹിതം ലഭിക്കും. ഈ മാതൃകയിൽ, വായ്പകളുടെ അംഗീകാരം, കരാറുകൾ, പുതിയ അംഗങ്ങളെ സ്വീകരിക്കൽ തുടങ്ങിയ പ്രധാനപ്പെട്ട ബിസിനസ്സ് തീരുമാനങ്ങളുമായി ബന്ധപ്പെട്ട് ഓരോ തൊഴിലാളിക്കും ഒരേ വോട്ടിംഗ് അധികാരമുണ്ട്.

പങ്കാളിത്തം, LLC, അല്ലെങ്കിൽ കോർപ്പറേഷൻ എന്നിവയുൾപ്പെടെ ഈ ഗൈഡിൽ മുമ്പ് വിവരിച്ചിട്ടുള്ള ഏതെങ്കിലും ബിസിനസ്സ് ഘടനകൾ മുഖേന ഒരു സഹകരണസംഘം സ്ഥാപിക്കാവുന്നതാണ്. സാധാരണഗതിയിൽ, സഹകരണ സ്ഥാപനങ്ങൾ LLC ഘടനയാണ് ഉപയോഗിക്കുന്നത്, കാരണം അത് വഴക്കമുള്ളതും രൂപീകരിക്കുന്നതിനും പരിപാലിക്കുന്നതിനും കുറഞ്ഞ ചിലവ് ആവശ്യമുള്ളതുമാണ്, കൂടാതെ കൂടുതൽ ഉടമകൾ ഉള്ളതുകൊണ്ട് ഇത് പാർട്ണർഷിപ്പിനേക്കാൾ അനുയോജ്യമാണ്. ഒരു LLC സഹകരണസംഘം അംഗങ്ങൾക്ക് പരിമിതമായ ബാധ്യത വാഗ്ദാനം ചെയ്യുന്നു. വ്യക്തിഗതമായി പ്രവർത്തിക്കുമ്പോൾ വേതനമോഷണമോ മറ്റ് ദുരുപയോഗങ്ങളോ മുഖേന നിയമപരമായ പദവിയില്ലാത്ത കുടിയേറ്റക്കാരെ സംരക്ഷിക്കാൻ സഹകരണസംഘങ്ങൾ സഹായിച്ചേക്കാം.

അംഗത്വം, ഓഹരികൾ, ലാഭനഷ്ടങ്ങളുടെ വിതരണം എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പദവിയും നിയമങ്ങളും ഉപയോഗിച്ച് വികസിപ്പിച്ചെടുത്തിട്ടുള്ള ഒരു പ്രത്യേക വർക്കർ കോപ്പറേറ്റീവ് കോർപ്പറേഷൻ നിയമം ന്യൂയോർക്ക് സ്റ്റേറ്റിന്ഉണ്ട്. കൂടുതൽ വിവരങ്ങൾക്ക്, ഈ ഗൈഡിന്റെ റിസോഴ്സ് സെക്ഷൻ സന്ദർശിക്കുക.



# നിർവചനങ്ങൾ

**സത്യവാങ്മൂലം**
ഒരു നോട്ടറി പോലെ, നിയമപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള ഒരാൾ പരിശോധിച്ചുറപ്പിച്ച രേഖാമൂലമുള്ളതും ഒപ്പിട്ടതുമായ പ്രസ്താവന.

**ഡയറക്ടർ ബോർഡ്**
ഒരു കോർപ്പറേഷനിലെ ഓഹരിയുടമകളെ പ്രതിനിധീകരിക്കാനും ബിസിനസിന്റെ പൊതുവായ മേൽനോട്ടം നൽകാനും പ്രധാന തീരുമാനങ്ങൾ എടുക്കാനും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ സമൂഹം.

**കക്ഷി**
ഒരു സ്വതന്ത്ര കരാറുകാരനിൽ നിന്ന് സേവനങ്ങൾ സ്വീകരിക്കുന്ന ഒരു വ്യക്തി അല്ലെങ്കിൽ ബിസിനസ്സ്.

**സംരംഭകൻ**
സ്വന്തം ബിസിനസ്സ് സംഘടിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന ഒരു വ്യക്തി.

**തൊഴിലുടമ**
മറ്റൊരു വ്യക്തിയുടെ വേതനത്തിനും തൊഴിൽ സ്ഥിതിക്കും ഉത്തരവാദിത്തമുള്ള ഒരു വ്യക്തി അല്ലെങ്കിൽ ബിസിനസ്സ്.

**വ്യക്തിഗത ടാക്സ്പേയർ ഐഡന്റിഫിക്കേഷൻ നമ്പർ (ITIN)**
ഒരു സോഷ്യൽ സെക്യൂരിറ്റി നമ്പറിന് യോഗ്യതയില്ലാത്തതും എന്നാൽ നികുതി അടയ്ക്കേണ്ടതുമായ ആളുകൾക്ക് ഇന്റേണൽ റവന്യൂ സർവീസ് നൽകുന്ന നമ്പർ.

**ഇന്റേണൽ റവന്യൂ സർവീസ് (IRS)**
ഫെഡറൽ നികുതികൾ ശേഖരിക്കുന്നതിന് ഉത്തരവാദിത്തമുള്ള ഫെഡറൽ ഗവൺമെന്റ് ഏജൻസി.

**ബാധ്യത**
ഒരു ബിസിനസ്സുമായി ബന്ധപ്പെട്ട നിയമപരമോ സാമ്പത്തികമോ ആയ ഉത്തരവാദിത്തം അല്ലെങ്കിൽ അപകടസാധ്യതയുടെ അളവ്.

**അംഗം**
ഒരു ലിമിറ്റഡ് ലയബിലിറ്റി കമ്പനിയിൽ (LLC) ഉടമകളെ അംഗങ്ങളായി പരാമർശിക്കുന്നു.

**ഉദ്യോഗസ്ഥർ**
ഉദ്യോഗസ്ഥർ ഒരു കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നു. ഡയറക്ടർ ബോർഡ് നിയമിച്ച ഉദ്യോഗസ്ഥർ കോർപ്പറേഷന്റെ സ്ഥാപകരും/ഉടമകളും ചില ജീവനക്കാരുമായിരിക്കാം.

**പങ്കാളിത്തം**
രണ്ടോ അതിലധികമോ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ബിസിനസ്സ് ഘടന. ഒരു പൊതു പങ്കാളിത്തത്തിൽ, പങ്കാളികൾ മാനേജ്മെന്റ് ഉത്തരവാദിത്തങ്ങളും ബിസിനസ്സിന്റെ ലാഭനഷ്ടങ്ങളും പങ്കിടുന്നു. പരിമിതമായ പങ്കാളിത്തത്തിൽ ചില പങ്കാളികൾ ബിസിനസ്സ് നിയന്ത്രിക്കുന്നു, ചില പങ്കാളികൾ ബിസിനസിൽ മാത്രം നിക്ഷേപിക്കുന്നു, എന്നാൽ എല്ലാ പങ്കാളികളും ബിസിനസ്സ് ഉടമകളാണ്.

**ഉടമ**
ബിസിനസ്സ് ഉടമ.

**ഓഹരി ഉടമകൾ**
ഒരു കമ്പനിയിലോ കോർപ്പറേഷനിലോ ഓഹരികൾ വാങ്ങിയ ഒരാളാണ് ഓഹരിയുടമ. കോർപ്പറേഷന്റെ നിക്ഷേപത്തിന്റെ ആനുപാതികമായ വിഹിതം ഓഹരി ഉടമകൾക്ക് സ്വന്തമാണ്.

# പ്രധാനപ്പെട്ട രേഖകൾ

## ആർട്ടിക്കിൾസ് ഓഫ് ഓർഗനൈസേഷൻ
ലിമിറ്റഡ് ലയബിലിറ്റി കമ്പനിയുടെ (LLC) പേര്, ഒരു LLC രൂപീകരിക്കാൻ ആവശ്യമായ കൗണ്ടി, വിലാസം എന്നിവ വ്യക്തമാക്കുന്ന ഒരു പ്രമാണം. ആർട്ടിക്കിൾസ് ഓഫ് ഓർഗനൈസേഷൻ ഫയൽ ചെയ്യുന്ന സമയത്തോ അല്ലെങ്കിൽ ആർട്ടിക്കിൾസ് ഓഫ് ഓർഗനൈസേഷനിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും സമയത്തോ എൽ.എൽ.സി. രൂപീകരിക്കപ്പെടുന്നു, അത് ഫയൽ ചെയ്ത തീയതി മുതൽ 60 ദിവസത്തിൽ കൂടരുത്.

*ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റിൽ ഫയൽ ചെയ്തു*

- ▶ ലിമിറ്റഡ് ലയബിലിറ്റി കമ്പനി

## Biennial Statement
ഓരോ രണ്ട് വർഷത്തിലും എൻ.വൈ.എസ്. എൽ.എൽ.സി.കളും കോർപ്പറേഷനുകളും ഒരു Biennial Statement ഫയൽ ചെയ്യുകയും ബിസിനസ്സ് വിലാസം സ്ഥിരീകരിക്കുന്നതിനോ അപ്ഡേറ്റ് ചെയ്യുന്നതിനോ $9 ഫയലിംഗ് ഫീസ് നൽകേണ്ടതുമുണ്ട്.

*ഡിപ്പാർട്ട്മെന്റിൽ ഓഫ് സ്റ്റേറ്റിൽ ഫയൽ ചെയ്തു*

- ▶ ലിമിറ്റഡ് ലയബിലിറ്റി കമ്പനി
- ▶ കോർപ്പറേഷൻ

## നിയമാവലി
കോർപ്പറേഷൻ എങ്ങനെ പ്രവർത്തിക്കുമെന്ന് പറയുന്ന ഒരു ലിഖിത രേഖ. ഈ വിവരങ്ങളിൽ ഡയറക്ടർമാരെ എങ്ങനെ തിരഞ്ഞെടുക്കുന്നു, മീറ്റിംഗുകൾ എങ്ങനെ നടത്തുന്നു, ഓഹരിയുടമകൾ, ഡയറക്ടർമാർ, ഓഫീസർമാർ എന്നിവരുടെ അവകാശങ്ങൾ, കടമകൾ, അധികാരങ്ങൾ എന്നിവ ഉൾപ്പെടുന്നു.

*ഒരു പകർപ്പ് കോർപ്പറേഷൻ സൂക്ഷിക്കണം.*

- ▶ കോർപ്പറേഷൻ

## Certificate of Assumed Name
ബിസിനസ്സ് പേര് ബിസിനസ്സ് ഉടമയിൽ നിന്ന് വ്യത്യസ്തമാകുമ്പോൾ മാത്രം ഒരു ഫോം ആവശ്യമാണ്.

*കൗണ്ടി ക്ലർക്കിൽ ഫയൽ ചെയ്തു*

- ▶ ഏക ഉടമസ്ഥാവകാശം
- ▶ പൊതു പങ്കാളിത്തം
- ▶ നിയമാനുസൃതമായ പേരിൽ നിന്ന് വ്യത്യസ്തമായ പേരിൽ പ്രവർത്തിക്കുന്ന ഏതൊരു സ്ഥാപനവും

## ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റ്
ഒരു കോർപ്പറേഷന്റെ പേരും വിലാസവും വ്യക്തമാക്കുന്ന ഒരു പ്രമാണം. കോർപ്പറേഷന്റെ അസ്തിത്വം ഒന്നുകിൽ ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റ് ഫയൽ ചെയ്യുന്ന തീയതിയിലോ അല്ലെങ്കിൽ ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയ പിന്നീടുള്ള തീയതിയിലോ (ഫയലിംഗ് തീയതിയുടെ 90 ദിവസത്തിനുള്ളിൽ) ആരംഭിക്കുന്നു.

- ▶ കോർപ്പറേഷൻ

## പരിമിത പങ്കാളിത്തത്തിന്റെ സർട്ടിഫിക്കറ്റ്
പരിമിതമായ പങ്കാളിത്ത കരാറിൽ ഏർപ്പെടുന്ന പങ്കാളികളുടെ പേരും വിവരങ്ങളും വ്യക്തമാക്കുന്ന ഒരു ഫോം.

*ഡിപ്പാർട്ട്മെന്റിൽ ഓഫ് സ്റ്റേറ്റിൽ ഫയൽ ചെയ്തു*

- ▶ പരിമിതമായ പങ്കാളിത്തം

## പ്രസിദ്ധീകരണ സർട്ടിഫിക്കറ്റ്
ഒരു പരിമിതമായ പങ്കാളിത്തം അല്ലെങ്കിൽ LLC ആരംഭിക്കുന്നതിനുള്ള പത്ര പ്രസിദ്ധീകരണ ആവശ്യകതകൾ നിങ്ങൾ പാലിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുന്നതിന് സത്യവാങ്മൂലത്തോടൊപ്പം നിങ്ങൾ സമർപ്പിക്കുന്ന ഫോം (പേജുകൾ 19, 22 കാണുക). ലിമിറ്റഡ് പാർട്ണർഷിപ്പിന്റെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ആർട്ടിക്കിൾസ് ഓഫ് ഓർഗനൈസേഷൻ ഫയൽ ചെയ്തതിന് ശേഷം 120 ദിവസത്തിനുള്ളിൽ പ്രസിദ്ധീകരണ സർട്ടിഫിക്കറ്റ് ഫയൽ ചെയ്യണം.

*ഡിപ്പാർട്ട്മെന്റിൽ ഓഫ് സ്റ്റേറ്റിൽ ഫയൽ ചെയ്തു*

- ▶ പരിമിതമായ പങ്കാളിത്തം
- ▶ ലിമിറ്റഡ് ലയബിലിറ്റി കമ്പനി

## I-9, തൊഴിൽ യോഗ്യത സ്ഥിരീകരണ ഫോം
യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിയമപരമായി പ്രവർത്തിക്കാൻ തനിക്ക് കഴിയുമെന്ന് തെളിയിക്കാൻ എല്ലാ ജീവനക്കാർക്കും ആവശ്യമായ ഒരു ഫോം. നിങ്ങളുടെ തൊഴിലുടമ ഒരു I-9 ഫോം സ്വീകരിക്കുകയും അംഗീകൃത യു.എസ് ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കായി അത് ലഭ്യമാക്കുകയും വേണം.

## പ്രവർത്തന കരാർ
പ്രവർത്തന കരാർ അതിന്റെ അംഗങ്ങൾ, മാനേജർമാർ, ജീവനക്കാർ അല്ലെങ്കിൽ ഏജന്റുമാരുടെ അവകാശങ്ങൾ, അധികാരങ്ങൾ, മുൻഗണനകൾ, പരിമിതികൾ അല്ലെങ്കിൽ ഉത്തരവാദിത്തങ്ങൾ എന്നിവ നിർണ്ണയിക്കുന്നു. ആർട്ടിക്കിൾസ് ഓഫ് ഓർഗനൈസേഷൻ ഫയൽ ചെയ്യുന്നതിന് മുമ്പോ 90 ദിവസത്തിനുള്ളിലോ പ്രവർത്തന ഉടമ്പടിയിൽ ഏർപ്പെടാം.

*ഒരു പകർപ്പ് LLC സൂക്ഷിക്കണം*

- ▶ ലിമിറ്റഡ് ലയബിലിറ്റി കമ്പനി

## പങ്കാളിത്ത കരാർ
ഒരു പൊതു പങ്കാളിത്തത്തിന് ശുപാർശ ചെയ്യുന്നതും, ഒരു പരിമിതമായ പങ്കാളിത്തത്തിന് ആവശ്യമായതും, ഇത് ബിസിനസ്സ് പങ്കാളികൾക്കിടയിൽ ക്രമീകരണങ്ങളും അവകാശങ്ങളും ബാധ്യതകളും സ്ഥാപിക്കുകയും തെളിയിക്കുകയും ചെയ്യുന്നു

- ▶ പൊതുവായ പങ്കാളിത്തം
- ▶ പരിമിത പങ്കാളിത്തം

# ഉപാധികൾ

## NY സംസ്ഥാന സർക്കാർ ഏജൻസികൾ:

### ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ്, ഡിവിഷൻ ഓഫ് കോർപ്പറേഷൻസ്, സ്റ്റേറ്റ് റെക്കോർഡ്സ്, UCC

www.dos.ny.gov/corps/

ന്യൂയോർക്ക് സ്റ്റേറ്റിൽ ഒരു ബിസിനസ്സ് തുറക്കുന്നതിനോ വിപുലീകരിക്കുന്നതിനോ ആവശ്യമായേക്കാവുന്ന ഫോമുകളുടേയും മറ്റ് നിയമപരമായ രേഖകളുടേയും വിവരങ്ങളും ടെംപ്ലേറ്റുകളും.

### എംപയർ സ്റ്റേറ്റ് ഡെവലപ്മെന്റ്, എന്റർപ്രണ്യൂറിയൽ അസിസ്റ്റൻസ് പ്രോഗ്രാം

esd.ny.gov/entrepreneurial-assistance-program

എന്റർപ്രണ്യൂറിയൽ അസിസ്റ്റൻസ് പ്രോഗ്രാം (EAP) അടുത്തിടെ സ്വന്തമായി ബിസിനസ് ആരംഭിച്ച അല്ലെങ്കിൽ ഒരു ബിസിനസ്സ് തുടങ്ങാൻ താൽപ്പര്യമുള്ള വ്യക്തികൾക്ക് നിർദ്ദേശങ്ങളും പരിശീലനവും സാങ്കേതിക സഹായവും പിന്തുണാ സേവനങ്ങളും നൽകുന്നതിനായി ന്യൂയോർക്ക് സ്റ്റേറ്റിലുടനീളം പ്രാദേശിക കമ്മ്യൂണിറ്റികളിൽ EAP കേന്ദ്രങ്ങൾ സ്ഥാപിക്കുന്നു.

### ഓഫീസ് ഓഫ് ന്യൂ അമേരിക്കൻസ് (ONA)

1-800-566-7636

www.newamericans.ny.gov/business

ഓഫീസ് ഓഫ് ന്യൂ അമേരിക്കൻസിന് കുടിയേറ്റക്കാർക്ക് ചെറുകിട ബിസിനസ് സഹായം ഉൾപ്പെടെയുള്ള വിദ്യാഭ്യാസപരവും സാമ്പത്തികവുമായ വിഭവങ്ങൾ നൽകുന്നതിന് ന്യൂയോർക്ക് സ്റ്റേറ്റിലുടനീളം 27 അവസര കേന്ദ്രങ്ങൾഉണ്ട്.

### സ്മോൾ ബിസിനസ്സ് ഡെവലപ്മെന്റ് സെന്റർ (SBDC)

1-800-732-7232

www.nyssbdc.com

24 പ്രാദേശിക കേന്ദ്രങ്ങളുടെ ഒരു ശൃംഖലയിലൂടെ, ന്യൂയോർക്ക് സ്റ്റേറ്റ് സ്മോൾ ബിസിനസ് ഡെവലപ്മെന്റ് സെന്റർ (NYS SBDC) ഒരു ബിസിനസ്സ് ആരംഭിക്കാനോ സൗജന്യമായി നിലവിലുള്ള ബിസിനസിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ആഗ്രഹിക്കുന്ന ന്യൂയോർക്കുകാർക്ക് ഉയർന്ന നിലവാരമുള്ള, സൌജന്യമായ അല്ലെങ്കിൽ കുറഞ്ഞ ചിലവിൽ ബിസിനസ്സ് കൗൺസിലിംഗും പരിശീലനവും നല്കുന്നു.

## NYC സർക്കാർ ഏജൻസികൾ:

### ഉപഭോക്തൃകാര്യ വകുപ്പ്, ഓഫീസ് ഫിനാൻഷ്യൽ എംപവർമെന്റ്

https://www.nyc.gov/site/dca/partners/financial-empowerment.page

തങ്ങളുടെ ആസ്തികൾ നിർമ്മിക്കാനും തങ്ങളുടെ സാമ്പത്തിക സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്താനും ആഗ്രഹിക്കുന്ന ന്യൂയോർക്കിലെ താഴ്ന്ന വരുമാനക്കാരുടെ ശാക്തീകരണവും സംരക്ഷണവും ലക്ഷ്യമിടുന്ന സാമ്പത്തിക വിദ്യാഭ്യാസവും കൗൺസിലിംഗും. സുരക്ഷിതവും താങ്ങാനാവുന്നതുമായ മുഖ്യധാരാ ബാങ്കിംഗിനെയും വരുമാനം വർദ്ധിപ്പിക്കുന്ന നികുതി ക്രെഡിറ്റുകളിലേക്കുള്ള പ്രവേശനത്തെയും കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്നു.

### സ്മോൾ ബിസിനസ്സ് സർവീസസ് (SBS)

https://www1.nyc.gov/nycbusiness/

ന്യൂയോർക്ക് സിറ്റിയിൽ ഒരു ബിസിനസ് രൂപീകരിക്കാനോ പ്രവർത്തിപ്പിക്കാനോ വളർത്താനോ താൽപ്പര്യമുള്ള സംരംഭകർക്ക് സൗജന്യ കോഴ്സുകൾ, ശില്പശാലകൾ, ഉപദേശം, സഹായം.

### SBS ഇമിഗ്രന്റ് ബിസിനസ് ഇനിഷ്യേറ്റീവ്

www1.nyc.gov/nycbusiness/article/immigrant-business-initiative

SBS ബിസിനസ് കോഴ്സുകൾ, സാമ്പത്തിക സഹായം, പ്രോ-ബോണോ നിയമ സേവനങ്ങൾ എന്നിവയും അതിലേറെയും ന്യൂയോർക്ക് സിറ്റിയിൽ ഉടനീളമുള്ള ഒന്നിലധികം ഭാഷകളിൽ സൗജന്യമായി നൽകുന്നു.

## NYC സംഘടനകൾ:

### ബ്രൂക്ലിൻ പബ്ലിക് ലൈബ്രറി, ചെറുകിട ബിസിനസ്, സംരംഭക സേവനങ്ങൾ

www.bklynlibrary.org/business/small-business

ബ്രൂക്ലിൻ റിസോഴ്സുകളിൽ ഉടനീളമുള്ള വിവിധ ലൊക്കേഷനുകൾ, വർക്ക്ഷോപ്പുകൾ, ക്ലാസുകൾ, ഒരു ബിസിനസ്സ് ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വളർത്തുന്നതിനും ഇംഗ്ലീഷ്, സ്പാനിഷ്, റഷ്യൻ, ക്രെയോൾ എന്നിവയിൽ മുഖാമുഖമുള്ള സഹായം.

# ഉപാധികൾ

## ബിസിനസ് ഔട്ട്റീച്ച് സെന്റർ നെറ്റ്വർക്ക് (BOCNET)

www.bocnet.org

ബ്രോങ്ക്സ്, ബ്രൂക്ലിൻ, മാൻഹട്ടൻ, ക്വീൻസ്, സ്റ്റാറ്റൻ ഐലൻഡ് എന്നിവിടങ്ങളിൽ ചെറുകിട ബിസിനസ് വായ്പകൾ, ഗൃഹാധിഷ്ഠിത ശിശു സംരക്ഷണം, 'ബിസിനസ് അമേരിക്കൻ-സ്റ്റൈൽ' വർക്ക്ഷോപ്പുകൾ, റഫ്യൂജി മൈക്രോ-എന്റർപ്രൈസ് പ്രോജക്ട് എന്നിവയുൾപ്പെടെയുള്ള കസ്റ്റമൈസ്ഡ് ബിസിനസ് സേവനങ്ങൾ നൽകുന്ന മൈക്രോ എന്റർപ്രൈസ്, ചെറുകിട ബിസിനസ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ മൈക്രോ-എന്റർപ്രൈസ് പ്രോജക്റ്റ്

## CAMBA സ്മോൾ ബിസിനസ്സ് സർവീസസ്

718-287-2600

www.camba.org

മുഖാമുഖമുള്ള കൺസൾട്ടേഷനുകൾ, ചെറുകിട ബിസിനസ് വർക്ക് ഷോപ്പുകൾ, ബിസിനസ് കൗൺസിലിംഗ്, മറ്റ് ചെറുകിട ബിസിനസ് വികസന പങ്കാളികളുമായുള്ള ലിങ്കേജുകൾ, ബിസിനസ് ലോണുകൾ.

## കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോജക്ട്, ലീഗൽ എയ്ഡ് സൊസൈറ്റി

212-426-3000

www.legalaidnyc.org/civil-practice-pro-bono-projects

5 ബറോകളിലുടനീളം അഭിഭാഷകർക്കും ക്ലയന്റ്-യോഗ്യരായ ജനങ്ങൾക്കും പരിശീലനങ്ങൾ നടത്തുന്നു. വിഷയങ്ങളിൽ ഒരു ചെറിയ ബിസിനസ്സ് ആരംഭിക്കുക, വാണിജ്യ പാട്ടത്തിൽ ഒപ്പിടുക, ബിസിനസ്സും വ്യക്തിഗത ആസ്തികളും സംരക്ഷിക്കൽ എന്നിവ ഉൾപ്പെടുന്നു. പരിശീലനങ്ങൾ ഇംഗ്ലീഷിലും സ്പാനിഷിലും ആണ്.

## സെന്റർ ഫോർ അർബൻ പെഡഗോഗി (CUP)

www.welcometocup.org

സങ്കീർണ്ണമായ നയങ്ങളെയും പ്രക്രിയകളെയും ലളിതമാക്കുന്നതിന് NYC- യിലെ വർക്കർ കോ-ഓപ്പുകളിലേക്കുള്ള ഒരു ഗൈഡ്ഉൾപ്പെടെ ബ്രോഷറുകളുടെയും ബുക്ക്ലെറ്റുകളുടെയും പ്രസിദ്ധീകരണം.

## ഹീബ്രു ഫ്രീ ലോൺ സൊസൈറ്റി

www.hfls.org/loan-programs/microenterprise/

ന്യൂയോർക്ക് സിറ്റി, ലോംഗ് ഐലൻഡ്, വെസ്റ്റ്ചെസ്റ്റർ എന്നിവിടങ്ങളിലെ താഴ്ന്നതും മിതമായതുമായ വരുമാനമുള്ള താമസക്കാർക്ക് ഒരു ബിസിനസ്സ് ആരംഭിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ പലിശ രഹിത മൈക്രോ എന്റർപ്രൈസ് വായ്പകൾ.

## നെയ്ബർഹുഡ് എന്റർപ്രണർ ലോ പ്രോജക്ട്, NYC ബാർ ജസ്റ്റിസ് സെന്റർ

212-382-6633 (മെയിൻ)

212-626-7383 (സൗജന്യ നിയമ ഹോട്ട്ലൈൻ)

nelp@nycbar.org

നികുതി പ്രശ്നങ്ങൾ, കരാറുകളും എഗ്രിമെന്റുകളും, വാണിജ്യ പാട്ട കൂടിയാലോചനകൾ, പകർപ്പവകാശം, വ്യാപാരമുദ്രകൾ, പേറ്റന്റുകൾ എന്നിവയുൾപ്പെടെ, കുറഞ്ഞത് മുതൽ മിതമായത് വരെ വരുമാനമുള്ള മൈക്രോ-സംരംഭകർക്ക് ഒരു ബിസിനസ്സ് ആരംഭിക്കുന്നതിനുള്ള നിയമ സേവനങ്ങൾ.

## റെനയിസൻസ് ഇക്കണോമിക് ഡെവലപ്മെന്റ് കോർപറേഷൻ

www.renaissance-ny.org

കുറഞ്ഞ പലിശയ്ക്ക് ബിസിനസ് ലോണുകളും സംരംഭക പരിശീലന പരിപാടികളും നൽകിക്കൊണ്ട് NYC യിലെ കുടിയേറ്റ, താഴ്ന്ന, ഇടത്തരം വരുമാന കമ്മ്യൂണിറ്റികളെ രൂപാന്തരം ചെയ്യുന്നതിനായി സമർപ്പിതമായിരിക്കുന്ന ഒരു സാമൂഹ്യ വികസന ധനകാര്യ സ്ഥാപനം.

## വോളന്റിയേഴ്സ് ഓഫ് ലീഗൽ സർവീസസ്

347-521-5729

www.volsprobono.org/projects/microenterprise-project

സമർപ്പിത ജീവനക്കാരിൽ നിന്നും സമൂഹ നന്മയ്ക്കായി പ്രവർത്തിക്കുന്ന അഭിഭാഷകരുടെ ശൃംഖലയിൽ നിന്നും ഉയർന്ന നിലവാരമുള്ള സൗജന്യ നിയമ സേവനങ്ങൾ പ്രാപ്യമാക്കാൻ ചെറുകിട ബിസിനസ്സ് ഉടമകളെയും സൂക്ഷ്മ സംരംഭകരെയും സഹായിക്കുന്നു.

# ഉപാധികൾ

## NYC സഹകരണ വിഭവങ്ങൾ:

### ഗ്രീൻ വർക്കേഴ്സ് കോഓപ്പ്
www.greenworker.coop
തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള ഹരിത ബിസിനസുകൾ വികസിപ്പിക്കുന്നതിനും പരിശീലനം, കോച്ചിംഗ്, സാങ്കേതിക സേവനങ്ങൾ എന്നിവയുടെ ആക്രമണോത്സുക സംയോജനം പ്രയോജനപ്പെടുത്തുന്നതിനും ആഗ്രഹിക്കുന്ന സംരംഭകരുടെ ടീമുകളെ സഹായിക്കുന്ന 5 മാസത്തെ തീവ്ര പരിശീലനവും പിന്തുണ പ്രോഗ്രാമും വാഗ്ദാനം ചെയ്യുന്നു.

### ന്യൂയോർക്ക് സിറ്റി നെറ്റ്‌വർക്ക് ഓഫ് വർക്കർ കോഓപ്പറേറ്റീവ്സ് (NYC NOWC)
212-390-8178 (ഹോട്ട് ലൈൻ)
www.nycworker.coop
തൊഴിലാളി സഹകരണ സംഘങ്ങളിലും സഹകരണ ബിസിനസ്സ് ശേഷികളിലും നേതൃത്വ വികസനം, പരിശീലനം, ശില്പശാലകൾ, ബിസിനസ്സ് പിന്തുണ, സാങ്കേതിക സഹായം.

### വർക്കേഴ്സ് ജസ്റ്റിസ് പ്രോജക്ട്- മേക്ക് ദി റോഡ് ന്യൂയോർക്ക്
347-889-6347
www.workersjustice.org
ഒരു കുടിയേറ്റ അവകാശ സംഘടന തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള സഹകരണ സംഘങ്ങളുടെ വികസനം, പിന്തുണ, പ്രോത്സാഹനം എന്നിവയിലൂടെ സുസ്ഥിരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രവർത്തിക്കുന്നു.

## ഓൺലൈൻ ടൂളുകൾ:

### ന്യൂയോർക്ക് ബിസിനസ് എക്സ്പ്രസ്
www.businessexpress.ny.gov
നിങ്ങളുടെ ബിസിനസ്സിലൂടെയും പ്രൊഫഷണൽ ആവശ്യകതകളിലൂടെയും നിങ്ങളെ നയിക്കാൻ സഹായിക്കുന്നു. ചോദ്യാവലി പൂരിപ്പിക്കുക, ബിസിനസ്സ് വിസാർഡ് നിങ്ങളുടെ ബിസിനസ്സ് ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളുടെയും ഒരു പട്ടിക നൽകും.

### NYC ബിസിനസ് പോർട്ടൽ
www1.nyc.gov/nycbusiness

#### പടിപടിയായുള്ള ചോദ്യാവലി
പടിപടിയായുള്ള ഒരു ചോദ്യാവലി പൂരിപ്പിച്ച്, നിങ്ങൾ പ്രവർത്തിക്കുന്ന വ്യവസായത്തെ അടിസ്ഥാനമാക്കി നിങ്ങളുടെ ബിസിനസ്സ് ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായി വന്നേക്കാവുന്ന നഗര, സംസ്ഥാന, ഫെഡറൽ ലൈസൻസുകളുടെയും പെർമിറ്റുകളുടെയും കസ്റ്റമൈസ് ചെയ്ത ഒരു പട്ടിക സ്വീകരിക്കുക.

#### ഇൻസെന്റീവ് എസ്റ്റിമേറ്റർ
ഒരു ചോദ്യാവലി പൂരിപ്പിച്ച് നിങ്ങളുടെ ബിസിനസ്സിന് അർഹതപ്പെട്ടേക്കാവുന്ന സർക്കാർ ആനുകൂല്യങ്ങളുടെയും നികുതി ക്രെഡിറ്റുകളുടെയും ഒരു ലിസ്റ്റ് സ്വീകരിക്കുക.